**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2932**

**10.05.2017-ൽ മറുപടിക്ക്**

## കാസർകോഡ് ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥി സംഘർഷവുമായി ബന്ധപ്പെട്ട പോലീസ് മർദ്ദനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 28.02.2017 തീയതി നടന്ന വിദ്യാർത്ഥി സംഘർഷത്തെ തുടർന്ന് കസ്റ്റഡിയിലെടുത്ത വിദ്യാർത്ഥികളെയും അവരെ സ്റ്റേഷനിൽ സന്ദർശിക്കാൻ ചെന്ന വിദ്യാർത്ഥി നേതാക്കളെയും മർദ്ദിച്ച സംഭവത്തിൽ അന്വേഷണത്തിന ഉത്തരവിട്ടിരുന്നോ; എങ്കിൽ ഉത്തരവിന്റെ വിശദാംശം നൽകാമോ;<br>(ബി) അന്വേഷണം നടത്തിയതാരാണെന്നും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ? | (എ) & (ബി) | കാസർഗോഡ് ഗവൺമെന്റ് കോളേജിലുണ്ടായ വിദ്യാർത്ഥി സംഘർഷത്തെ തുടർന്ന് സ്റ്റേഷനിൽ കൊണ്ടുവന്ന വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ച എന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്താൻ 09.03.2017ലെ 20499/ജെ1/2017/ ആഭ്യന്തരം കത്ത് മുഖാന്തിരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ജില്ലാ കളക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി. നോർത്ത് സോൺ മുഖാന്തിരം വകുപ്പുതല അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

Deepa PR

**സെക്ഷൻ ഓഫീസർ**

## അനു:ബന്ധം

ജി-9696/2017

കളക്ടറേറ്റ്, കാസറഗോഡ്
തീയതി : 20/04/2017

ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ
കാസറഗോഡ്

അഡീഷണൽ ചീഫ് സെക്രട്ടറി
ആഭ്യന്തര (ജെ) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : കാസറഗോഡ് ഗവ.കോളേജ് - എം.എസ്.എഫ് - എസ്.എഫ്.ഐ സംഘർഷം - ശ്രീ.അബൂബക്കർ സിദ്ധിഖ് എന്നയാളെ കാസറഗോഡ് പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ചുവെന്നത് - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1.ബഹു.കേരളാ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 01/03/2017 തീയ്യതിയിലെ ഫോൺ സന്ദേശം

2.ആഭ്യന്തര (ജെ) വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 09/03/2017 ലെ 20499/ജെ1/2017/ആഭ്യന്തരം നമ്പർ കത്ത്

മേൽ സൂചനയിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 28/02/2017 ന് കാസറഗോഡ് ഗവ.കോളേജിൽ ഉണ്ടായ എം.എസ്.എഫ് - എസ്.എഫ്.ഐ സംഘർഷവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത കാസറഗോഡ് ഗവ.കോളേജ് രണ്ടാം വർഷ മലയാളം വിദ്യാർത്ഥിയും എം.എസ്.എഫ് പ്രവർത്തകനുമായ ശ്രീ.അബൂബക്കർ സിദ്ധിക്കിനെ പോലീസ് മർദ്ദിച്ചുവെന്ന സംഭവത്തിൽ കാസറഗോഡ് എം.എൽ.എ

ശ്രീ.എൻ.എ.നെല്ലിക്കുന്ന് നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കുകയും, ടി സംഭവത്തെക്കുറിച്ച് ജില്ലാ മജിസ്ട്രേറ്റ് കൂടിയായ , ജില്ലാ കലക്ടർ അന്വേഷിക്കുമെന്ന് ബഹു.കേരളാ മുഖ്യമന്ത്രി നിയമസഭയിൽ മറുപടി നൽകുകയും, ആയതിൻെറ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു.കേരളാ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം കാസറഗോഡ് പോലീസ് സ്റ്റേഷനിലെ സിസി.ടി.വി ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചുകൊണ്ട് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

ബഹു.കേരളാ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശം ലഭിച്ച ദിവസം തന്നെ ടി വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കാസറഗോഡ് ജില്ലാ പോലീസ് മേധാവി, കാസറഗോഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ, കാസറഗോഡ് ഗവൺമെൻറ് കോളേജ് പ്രിൻസിപ്പാൾ എന്നിവരോട് ആവശ്യപ്പെടുകയും ആയത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കാസറഗോഡ് ജില്ലാ പോലീസ് മേധാവി താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.**

28/02/2017 തീയതി ഉച്ചയ്ക്ക് ഏകദേശം 2 മണിയോടെ കാസറഗോഡ് പോലീസ് ഇൻസ്പെക്ടർ ശ്രീ.അബ്ദുൾ റഹീം കാസറഗോഡ് കലക്ടറേറ്റിലേക്ക് മീറ്റിംഗിനായി പോകുന്ന സമയം കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനം നടക്കുന്നുണ്ടെന്ന വിവരം അറിഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഇൻസ്പെക്ടറും പോലീസ് പാർട്ടിയും കോളേജിൽ പോവുകയും പോലീസിനെ കണ്ട ഉടനെ വിദ്യാർത്ഥികൾ പലവഴിക്ക് ചിതറി ഓടുകയും പിൻതുടർന്ന് പിടികൂടി കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു പോയ 5 പേരിൽ എം.എസ്.എഫ് പ്രവർത്തകരായ അബൂബക്കർ സിദ്ധിഖ്, മുനവർ സാഹിദ്, മുഹമ്മദ് അഷ്ഫാക്ക്, അൻസാർ സൽമാൻ എന്നീ 4 വിദ്യാർത്ഥികളും എസ്.എഫ്.ഐ പ്രവർത്തകനായ വിഷ്ണു.പി എന്ന വിദ്യാർത്ഥിയുമാണ് ഉണ്ടായിരുന്നത്.

അന്നേ ദിവസം വൈകുന്നേരം ഉദ്ദേശം നാലര – അഞ്ച് മണിയോടെ എം.എസ്.എഫ് ജില്ലാ പ്രസിഡൻറായ ആബിദ് ആറങ്ങാടി, മറ്റൊരു ഭാരവാഹിയായ അനസ് ഇ.എ എന്നിവർ പോലീസ് സ്റ്റേഷനിലേക്ക് കടന്ന് വന്ന് പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2276 കിഷോറിനോട് ദേഷ്യത്തിൽ

തട്ടിക്കയറി സംസാരിക്കുകയും അവരെ മറി കടന്ന് ജിഡി ചാർജ്ജിന്റെ അടുത്തേക്ക് പോവുകയും ജി.ഡി ചാർജ്ജിന്റെ അടുത്ത് യൂണിഫോമിൽ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2182 പ്രവീണിന്റെ ഷർട്ട് പിടിച്ച് വലിക്കുകയും ഷർട്ടിന്റെ ബട്ടൻസ് പൊട്ടിക്കുകയും ചെയ്തിരുന്നു. എം.എസ്.എഫ് പ്രവർത്തകരെ മാത്രം പിടികൂടി അടിച്ചു എന്നും എസ്.എഫ്.ഐ പ്രവർത്തകരെ പിടികൂടിയില്ല എന്നും അവർ ഭരണപക്ഷക്കാരായതുക്കൊണ്ടാണോ എന്നും മറ്റും പറഞ്ഞാണ് പോലീസ് ഉദ്യോഗസ്ഥരോട് തട്ടിക്കയറിയത്.

പോലീസ് പിൻതുടർന്ന് ഓടി പിടികൂടുന്നതിനിടയിൽ എം.എസ്.എഫ് പ്രവർത്തകനായ അബൂബക്കർ സിദ്ധിഖ് നിലത്ത് വീഴുകയും വീണപ്പോൾ കാലിന് വേദന പറ്റിയതായും ടിയാൻ പോലീസിനോട് പറഞ്ഞിരുന്നു. പോലീസ് സ്റ്റേഷനിലേക്ക് പിടിച്ചുക്കൊണ്ടു വരുമ്പോൾ തന്നെ അബൂബക്കർ സിദ്ധിഖിന് കാലിന് വേദനയുണ്ടായിരുന്നു. പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു വന്ന എം.എസ്.എഫ് പ്രവർത്തകരായ 4 വിദ്യാർത്ഥികളെയും പോലീസ് യാതൊരു വിധ ദേഹോപദ്രവവും ഏൽപ്പിച്ചിട്ടില്ല.

കാസറഗോഡ് ഗവ.കോളേജിൽ നിന്നും കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു വന്ന എം.എസ്.എഫ് പ്രവർത്തകരായ 4 വിദ്യാർത്ഥികളെയും എസ്.എഫ്.ഐ വിദ്യാർത്ഥിയെയും 2 എം.എസ്.എഫ് ഭാരവാഹികളെയും പിന്നീട് പോലിസ് സ്റ്റേഷനിൽ നിന്നും വിട്ടയിച്ചിരുന്നു. എം.എസ്.എഫ് വിദ്യാർത്ഥികളായ 4 പേരും പോലീസുകാരായ സി.പി.ഒ 2276 കിഷോർ, സി.പി.ഒ 2182 പ്രവീൺ, സി.പി.ഒ 2582 തോമസ് എന്നിവർ കാസറഗോഡ് ഗവ. ജനറൽ ആശുപത്രിയിൽ ഒ.പി ആയി ചികിത്സ തേടുകയും പിന്നീട് ശ്രീ.അബൂബക്കർ സിദ്ധിഖ് കാസറഗോഡ് പ്രൈവറ്റ് ആശുപത്രിയിൽ കാൽമുട്ടിന് പരിക്കുള്ളതിനാൽ ചികിത്സ തേടിയിട്ടുള്ളതുമാണ്.

സി.പി.ഒ 2276 കിഷോറിന്റെ പരാതിയിൽ എം.എസ്.എഫ് ഭാരവാഹികളായ ആബിദ്, അനസ് എന്നിവരുടെ പേരിൽ കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 143/17 u/s 332 r/w 34 IPC etc, സി.പി.ഒ 2582 തോമസ്സിന്റെ പരാതിയിൽ ( കാസറഗോഡ് ഗവ.കോളേജിൽ നടന്ന സംഭവത്തിൽ കൈവിരലിന് പരിക്ക് പറ്റിയതിന്) എം.എസ്.എഫ് പ്രവർത്തകർക്കെതിരെ ക്രൈം നമ്പർ 144/17 u/s 353, 332 r/w 34 IPC etc ആയും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ വെച്ച് പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ എം.എസ്.എഫ് പ്രവർത്തകരെയോ എസ്.എഫ്.ഐ പ്രവർത്തകനെയോ ദേഹോപദ്രവം ഏൽപ്പിച്ചിട്ടില്ല.

പോലീസിനെതിരെ മുസ്ലീം ലീഗ് നേതാക്കൾ മനപ്പൂർവ്വം ദേഹോപദ്രവം ഏൽപ്പിച്ചു എന്ന ആരോപണം ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. എം.എസ്.എഫ് വിദ്യാർത്ഥികളുടെ പരാതിയിൽ അന്വേഷണം നടത്തുന്നതാണെന്നും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാസറഗോഡ് ഗവ.കോളേജിൽ നിന്നും കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു വന്ന എം.എസ്.എഫ് പ്രവർത്തകരിൽ ഓടി വീണ് കാലിന് പരിക്ക് പറ്റിയ ശ്രീ.അബൂബക്കർ സിദ്ധീഖ് എന്നയാൾ ഗവ.കോളേജിൽ എസ്.എഫ്.ഐ വിദ്യാർത്ഥിയെ ഇരുമ്പു വടികൊണ്ടും പഞ്ചുകൊണ്ടും അടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചതിന് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ. 10/16 u/s 143, 147, 148, 341, 323, 324, 326 r/w 149 IPC കേസിലെ 3-ാം പ്രതിയും ക്രൈം നമ്പർ. 627/16 u/s 143, 147, 341, 323, 354 r/w 149 IPC കേസിലെ 2-ാം പ്രതിയും ക്രൈം നമ്പർ. 833/16 u/s 341, 323, 324 r/w 34 IPC കേസിലെ 3-ാം പ്രതിയും ക്രൈം നമ്പർ. 893/16 u/s 143, 147, 148, 341, 323, 324, 308, 294 (b) r/w 149 IPC കേസിലെ 2-ാം പ്രതിയും ശ്രീ.മുനവർ സാഹിദ് ക്രൈം നമ്പർ. 10/16 u/s 143, 147, 148, 341, 323, 324, 326 r/w 149 IPC കേസിലെ 6-ാം പ്രതിയും അൻസാർ സൽമാൻ 7-ാം പ്രതിയും മുഹമ്മദ് അഷ്ഫാക്ക് ക്രൈം നമ്പർ. 627/16 u/s 143, 147, 341, 323, 354 r/w 149 IPC കേസിലെ 1-ാം പ്രതിയും.ക്രൈം നമ്പർ. 893/16 u/s 143, 147, 148, 341, 323, 324, 308, 294 (b) r/w 149 IPC കേസിലെ 4-ാം പ്രതിയാണെന്നും ടി കക്ഷികളെല്ലാം മേൽ കേസുകളിൽ നേരത്തെ ജാമ്യം നേടിയിട്ടുള്ളതാണെന്നും പോലീസ് സ്റ്റേഷനിൽ വെച്ച് പോലീസ് ഉദ്യോഗസ്ഥർ, ആരും തന്നെ എം.എസ്.എഫ് പ്രവർത്തകരെയോ എസ്.എഫ്.ഐ പ്രവർത്തകനെയോ ദേഹോപദ്രവം ഏൽപ്പിച്ചിട്ടില്ലെന്നും പോലീസിനെതിരെ മുസ്ലീം ലീഗ് നേതാക്കൾ മനപ്പൂർവ്വം ദേഹോപദ്രവം ഏൽപ്പിച്ചു എന്ന ആരോപണം ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും കാസറഗോഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കാസറഗോഡ് ഗവ.കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ഡോ.ടി വിനയൻ എന്നയാളുടെ 02/03/2017 ലെ സ്റ്റേറ്റ്മെൻറ്**

27/02/2017 ന് കാസറഗോഡ് ഗവ.കോളേജിൽ കോളേജ് ഫൈൻ ആർട്സ് വിജയികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എം.എസ്.എഫ് - എസ്.എഫ്.ഐ പ്രവർത്തകർ തമ്മിൽ സംഘർഷം ഉണ്ടാകുകയും സംഘർഷം നിയന്ത്രിക്കാൻ പറ്റാത്തതിനാൽ പോലീസിനെ വിളിക്കുകയും പോലീസിനെ കണ്ടപ്പോൾ വിദ്യാർത്ഥികൾ ഓടിപ്പോകുകയും

ചെയ്തിരുന്നു. ഫൈൻ ആർട്സ് സെക്രട്ടറി വിതരണം ചെയ്ത സർട്ടിഫിക്കറ്റിൽ ചെയർമാൻെറ പേരില്ലാത്തതാണ് സംഘർഷത്തിന് കാരണം. കോളേജിൽ ഫൈൻ ആർട്സ് സെക്രട്ടറി എസ്.എഫ്.ഐ ക്കാരനും ചെയർമാൻ എം.എസ്.എഫ് ക്കാരനുമാണ്.

27/02/2017 ന് ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് കോളേജിൽ സമാധാനാന്തരീക്ഷം പുനസ്ഥാപിക്കുന്നതിന് 28/02/2017 ന് ഉച്ചയ്ക്ക് 01.30 ന് യോഗം ചേരാൻ തുടങ്ങിയപ്പോൾ കോളേജ് ക്യാംപസിൽ വീണ്ടും സംഘർഷം ഉണ്ടാകുകയും ആയത് പരിഹരിക്കാൻ സാധിക്കാത്തതിനാൽ പോലീസിനെ വിളിക്കുകയും പോലീസ് വന്നപ്പോൾ വിദ്യാർത്ഥികൾ ഓടിപ്പോകുകയും ചെയ്തിരുന്നു. പോലീസ് ആരെയെങ്കിലും പിടിച്ചതായി തനിക്ക് അറിയില്ല. വിദ്യാർത്ഥികളെ പിടിച്ച വിവരം പോലീസ് അറിയിച്ചിട്ടുമില്ല. കുട്ടികളെ പോലീസ് മർദ്ദിച്ചുവെന്ന വിവരം പത്രത്തിലൂടെയാണ് ഞാൻ അറിഞ്ഞത്. 01/03/2017 ചേർന്ന യോഗത്തിൽ പോലീസ് തങ്ങളെ തല്ലിചതച്ചതായി യൂണിയൻ ചെയർമാൻ പറഞ്ഞിരുന്നു.

**കാസറഗോഡ് പോലീസ് സ്റ്റേഷനിൽ വെച്ച് മർദ്ദനത്തിന് ഇരയാക്കിയെന്ന് പറയപ്പെടുന്ന കാസറഗോഡ് ഗവ.കോളേജ് വിദ്യാർത്ഥിയും എം.എസ്.എഫ് പ്രവർത്തകനുമായ ശ്രീ.അബൂബക്കർ സിദ്ധിഖ് 03/03/2017 ന് താഴെ പറയും പ്രകാരം സ്റ്റേറ്റ്മെൻറ് സമർപ്പിച്ചിട്ടുണ്ട്.**

കാസറഗോഡ് ഗവ.കോളേജിലെ രണ്ടാം വർഷ മലയാളം ബിരുദ വിദ്യാർത്ഥിയായ ഞാൻ 2017 ഫെബ്രുവരി 28 'തീയ്യതി നാലാമത്തെ ഔറിൽ (പിരിയഡ്) ഷിബു സാറിൻെറ ക്ലാസ്സിലിരിക്കുന്ന സമയത്ത് 2 പോലീസുകാർ വന്ന് എന്നെ പിടിച്ചുക്കൊണ്ടുപോയി പുറത്ത് ജീപ്പിലിരുത്തി. എന്നെ ജീപ്പിലിരുത്തിയപ്പോൾ ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് മേധാവിയായ ശ്രീമതി. സിനി എബ്രഹാം ഞാൻ നിരപരാധിയാണെന്ന് പോലീസിനോട് പറയുകയുണ്ടായി. കുറച്ചു കഴിഞ്ഞപ്പോൾ അൻസാർ സൽമാൻ, മുഹമ്മദ് അഷ്ഫാക്ക്, മുനവർ സാഹിദ് എന്നീ എം.എസ്.എഫ് പ്രവർത്തകരെയും വിഷ്ണു.പി എന്ന എസ്.എഫ്.ഐ പ്രവർത്തകനെയും പോലീസ് പിടിച്ചുക്കൊണ്ടുവരികയും ഞാനുൾപ്പെടെ 5 പേരെയും കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും ചെയ്തു. ഉദ്ദേശം 15.30 മണിയോടുകൂടിയാണ് ഞങ്ങൾ സ്റ്റേഷനിലെത്തിയത്. പോലീസ് ഞങ്ങളെ ഇരിക്കുവാൻ അനുവദിച്ചില്ല. പോലീസ് കോൺസ്റ്റബിൾസ് എല്ലാവരെയും തെറി വിളിച്ചു. എം.എസ്.എഫ് പ്രവർത്തകരായ ഞങ്ങൾ നാല്പ പേരുടെ പേരെഴുതി എസ്.എഫ് ഐ

പ്രവർത്തകനായ വിഷ്ണുവിനെ ഒഴിവാക്കി എന്റെ ഇരു കൈവിരലുകൾക്കിടയിലും പേന വെച്ച് ഇറുക്കുകയും ഞാൻ കരഞ്ഞ് റൈറ്ററുടെ മുമ്പിൽ വീണ് താഴെ കിടന്നപ്പോൾ എന്റെ മുഖത്തടിച്ചു, പോലീസുകാർ നഗ്നമായ ഫോട്ടോ എടുക്കുമെന്നും നായ്ക്കുരുണ പൊടിയിട്ട് ചൊറിയിക്കുമെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തി.

കുറച്ചു കഴിഞ്ഞപ്പോൾ സി.ഐ സാർ വന്നു. സി.ഐ സാർ എന്നെ ഇരുത്തി എന്റെ കാൽമുട്ടിന്മേൽ കാൽ കൊണ്ട് ചവിട്ടി പിടിച്ച് എന്റെ രണ്ട് കാൽപാദങ്ങളിലും കൈയിലുണ്ടായിരുന്ന ചൂരൽ കൊണ്ടടിക്കുകയും പിന്നീട് ലാത്തി കൊണ്ട് കാൽമുട്ടിലും തലയ്ക്കും അടിക്കുകയും ചെയ്തു. ഞാൻ കരഞ്ഞപ്പോൾ എം.എസ്.എഫിന്റെ ജില്ലാ പ്രസിഡന്റായ ആബീദ് ആറങ്ങാടിയും മറ്റൊരു നേതാവായ അനസ് എതിർത്തോടും വന്നു. താനാരാണെന്ന് ആബീദ് പറഞ്ഞപ്പോൾ എന്ത് എം.എസ്.എഫാണെന്നും പറഞ്ഞ് ആബീദിനെ തല്ലുകയും വസ്ത്രം കീറുകയും ലോക്കപ്പിലിടുകയും ചെയ്തു. ഞങ്ങളെ തല്ലിയ അതേ സ്ഥലത്ത് വെച്ചാണ് അനസിനെയും തല്ലിയത്. അവിടെ സിസിടിവി ഇല്ലായിരുന്നു. എന്റെ കൂടെയുണ്ടായിരുന്ന മറ്റു 3 പേരുടെയും മുതുകത്ത് കൈമുട്ട് കൊണ്ടിടിച്ചു. നിലത്തു വീണ എന്നെ പൊക്കി ബെഞ്ചിലിരുത്തി.

കുറച്ചുകഴിഞ്ഞപ്പോൾ ലീഗിന്റെ മുതിർന്ന നേതാക്കൾ എത്തി പോലീസ് ലീഗിന്റെ പ്രവർത്തകരെ പുറത്താക്കി മുൻവശത്തെ ഗ്രില്ലിട്ടു. പിന്നീട് ഡി.വൈ.എസ്.പി വരികയും ഞങ്ങളെ പറഞ്ഞു വിടുകയും ചെയ്തു. എനിക്കെതിരെ കേസില്ലാത്തതിനാലാണ്, പറഞ്ഞു വിട്ടത്. പോലീസ് സ്റ്റേഷനിൽ ഞങ്ങളെ തല്ലുമ്പോൾ റൈറ്റർ റൂമിൽ പോയി ബട്ടൻസ് പൊട്ടിക്കുന്നുണ്ടായിരുന്നു. നടക്കാൻ കഴിയാതിരുന്ന എന്നെ പൊക്കിയെടുത്ത് ആംബുലൻസിൽ കാസറഗോഡ് ഗവ.ജനറൽ ആശുപത്രിയിലേക്ക് കൊണ്ടു പോയി. ആ സമയം ഞാൻ അബോധാവസ്ഥയിലായിരുന്നു. എക്സ് - റേ എടുക്കുവാൻ സൌകര്യമില്ലാത്തതിനാൽ പിന്നീട് കെയർവെൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്റെ മൊഴിയെടുക്കുന്ന സമയത്ത് സി.ഐ യുടെ പേരെഴുതാൻ ആവശ്യപ്പെട്ടെങ്കിലും അത് ചെയ്തില്ല. പിന്നീടാണ് സി.ഐ യുടെ പേരെഴുതി ചേർത്തത്. തോമസ്, പ്രദീപ്, പ്രവീൺ, സതീശൻ, മധുസൂദനൻ, കിഷോർ, സിവിൽ ഡ്രസ്സിലുണ്ടായിരുന്ന 3 പോലീസുകാർ, കണ്ടാലറിയാവുന്ന 4-5 പോലീസുകാർ മുതലായവർ ചേർന്നാണ് എന്നെ തല്ലിയത്. ഞാൻ കയറിപ്പോകുന്നതും തിരിച്ചിറങ്ങിവരുന്നതും സിസിടിവി യിൽ വ്യക്തമായി കാണാവുന്നതാണ്. വാറണ്ടോ കേസോ ഇല്ലാതെയാണ് എന്നെ കൊണ്ടുപോയി മർദ്ദിച്ചത്. കോളേജിലുണ്ടായ സംഘർഷത്തിലൊന്നും ഞാൻ

പ്പെടുത്തിരുന്നില്ല.

**കാസറഗോഡ് ഗവ.കോളേജ് വിദ്യാർത്ഥിയും എം.എസ്.എഫ് പ്രവർത്തകനുമായ ശ്രീ.മുനവർ സാഹിദ് 10/03/2017 ന് നൽകിയ മൊഴി**

28/02/2017 ന് ഏകദേശം 2.00 മണിക്ക് കാസറഗോഡ് ഗവ. കോളേജിലെ മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്. വിദ്യാർത്ഥിയായ എന്നെ വിദ്യാനഗറിൽ നിന്ന് ഭക്ഷണം കഴിച്ച് വരുന്ന വഴിക്ക് പോലീസ് ഒരു കാരണവുമില്ലാതെ കോളറിന് പിടിച്ച് കോളേജ് ക്യാമ്പസിലൂടെ കൊണ്ടു വരികയും പോലീസ് വാഹനത്തിൽ കയറ്റുന്നതിന് മുമ്പ് കോളേജിലെ ഫിസിക്കൽ എജ്യുക്കേഷൻ മേധാവി സിനി മാഡം പോലീസുകാരോട് ഇവൻ പ്രശ്നത്തിനൊന്നുമില്ല എന്ന് പറഞ്ഞിരുന്നു. ഇതൊന്നും വകവയ്ക്കാതെ പോലീസ് വാഹനത്തിൽ കയറ്റി കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവരികയും സ്റ്റേഷനിലെത്തിയയുടനെ എന്താണ് പ്രശ്നമെന്ന് ചോദിക്കാതെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. എന്നിട്ട് അവിടെ നിന്ന് ഞങ്ങളുടെ പേര് 2-3 പ്രാവശ്യം എഴുതുകയും, മൂന്ന് പ്രാവശ്യത്തിലധികം ഫോട്ടോയെടുക്കുകയും ചെയ്തു. ഇതിനിടയിൽ സിവിൽ ഡ്രസ്സിലുണ്ടായിരുന്ന ഒരു പോലീസുകാരൻ അബൂബക്കർ സിദ്ദിഖിൻെറ മുഖത്തടിക്കുകയും അടുത്തുള്ള മുറിയിലേക്ക് കൊണ്ടുപോയി മർദ്ദിക്കുകയായിരുന്നു. അബൂബക്കർ സിദ്ദിഖ് കരയുന്നത് എനിക്ക് കേൾക്കാനുണ്ടായിരുന്നു. അതിനിടയിൽ കയറിവന്ന കാസറഗോഡ് സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹിം, പോലീസ് ഓഫീസർമാരായ എ.എസ്.ഐ. സതീഷൻ, കിഷോർകുമാർ, തോമസ്, മധുസൂദനൻ, പ്രദീപ്, ബാലകൃഷ്ണൻ എന്നീ പോലീസുകാർ ചേർന്ന് ഞങ്ങളെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. സിദ്ദിഖിനെ താഴേക്ക് വലിച്ചിടുകയും സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹിമും മറ്റു പോലീസുകാരും ചേർന്ന് കാൽമുട്ടിൽ കയറി നിന്ന് കാലിലേക്ക് ക്രൂരമായി ലാത്തികൊണ്ട് അടിച്ചു. സിദ്ദിഖ് ഉറക്കെ നിലവിളിക്കുകയും ചെയ്തു. സിദ്ദിഖിൻെറ നിലവിളി കേട്ട് പുറത്തുണ്ടായിരുന്ന എം.എസ്.എഫ് ജില്ലാ പ്രസിഡൻെറ് ആബിദ് ആറങ്ങാടിയും, കാസറഗോഡ് നിയോജകമണ്ഡലം എം.എസ്.എഫ് പ്രസിഡൻെറ് അനസ് എതിർത്തോടും കയറി വരുകയും, അവരോട് എന്തിനാണ് വന്നതെന്ന് ചോദിക്കാതെ സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹീമിൻെറ നേതൃത്വത്തിൽ പൊതിരെ തല്ലുകയും വലിച്ചിഴച്ച് ലോക്കപ്പിലിടുകയും ചെയ്തു. അവസാനം കയറിവന്ന മുസ്ലീംലീഗ് ജില്ലാ ട്രഷറർ എ.അബ്ദുൾ റഹിമാൻ, മുസ്ലീം യൂത്ത് ലീഗ് ജില്ലാ പ്രസിഡൻെറ് അഷ്റഫ് എടനീർ, സെക്രട്ടറി ടി.ഡി.കബീർ എന്നിവരെ പറയാൻ കഴിയാത്ത ഭാഷയിൽ തെറി വിളിക്കുകയും ചെയ്തു. പിന്നീട് നേതാക്കളിടപെട്ടാണ് ഞങ്ങളെ

വിട്ടയച്ചത്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന സിദ്ദിഖിന്റെ താങ്ങിപ്പിടിച്ചാണ് ആംബുലൻസിൽ കയറ്റിയത്.

**കാസറഗോഡ് ഗവ.കോളേജ് വിദ്യാർത്ഥിയും എം.എസ്.എഫ് പ്രവർത്തകനുമായ ശ്രീ.അൻസാർ സൽമാൻ 10/03/2017 ന് നൽകിയ മൊഴി**

28/02/2017 ന് ഏകദേശം 2 മണിയോടെ കാസറഗോഡ് ഗവ. കോളേജിലെ രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ എന്നെ വിദ്യാനഗറിൽ നിന്ന് ഭക്ഷണം കഴിച്ച് വരുന്ന വഴിക്ക് പോലീസ് ഒരു കാരണവുമില്ലാതെ കോളറിന് പിടിച്ച് കോളേജ് ക്യാമ്പസിലൂടെ കൊണ്ടു വരികയും പോലീസ് വാഹനത്തിൽ കയറ്റി ഇരുത്തി അതിന് ശേഷം കോളേജിന് പുറത്തുണ്ടായിരുന്ന പോലീസ് ബസിൽ കയറ്റി ഇരുത്തി. എന്റെ കൂടെ സിദ്ദിക്ക്, സാഹിദ്, അഷ്ഫാക്ക്, വിഷ്ണു, എന്നിവരേയും ബസ്സിൽ കയറ്റി ഇരുത്തുക ഉണ്ടായി. സ്റ്റേഷനിൽ എത്തിയ ഉടനെ അവിടെ നിന്ന ഒരു പോലീസുകാരൻ ഞങ്ങളുടെ മുതുകിലേക്ക് മുഷ്ടി ചുരുട്ടി കുനിച്ചു നിർത്തി ആഞ്ഞിടിക്കുകയുണ്ടായി. എന്നിട്ട് ഞങ്ങളെ അവിടെ അരമണിക്കൂറോളം നിർത്തിച്ചു. അവിടെ നിന്ന് ഞങ്ങളുടെ പേര് 2-3 പ്രാവശ്യം എഴുതുകയും, മൂന്ന് പ്രാവശ്യത്തിലധികം ഫോട്ടോയെടുക്കുകയും ചെയ്തു. ഇതിനിടയിൽ സിവിൽ ഡ്രസ്സിലുണ്ടായിരുന്ന ഒരു പോലീസുകാരൻ സിദ്ദിഖിന്റെ മുഖത്ത് ആഞ്ഞടിക്കുകയും അടുത്തുള്ള മുറിയിലേക്ക് കൊണ്ടുപോയി മർദ്ദിക്കുകയായിരുന്നു. സിദ്ദിഖ് അലറി കരയുന്നത് എനിക്ക് കേൾക്കാമായിരുന്നു. ഇതിനിടയിൽ ഒരു പോലീസുകാരൻ എന്റെ അടുത്തുവന്ന് അടുത്തത് നിനക്കാണ് എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയുണ്ടായി. അതിനിടയിൽ കയറിവന്ന സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹിം, പോലീസുകാരായ എ.എസ്.ഐ. സതീശൻ, കിഷോർകുമാർ, തോമസ്, പ്രദീപ്, മധുസൂദനൻ, ബാലകൃഷ്ണൻ എന്നീ പോലീസുകാർ ചേർന്ന് ഞങ്ങളെ കൂട്ടമായി മർദ്ദിക്കുകയും ചെയ്തു. സിദ്ദിഖിനെ താഴേക്ക് വലിച്ചിടുകയും സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹിമും മറ്റു പോലീസുകാരും ചേർന്ന് സിദ്ദിക്കിന്റെ കാൽമുട്ടിൽ പോലീസുകാരുടെ കാൽ കയറ്റിവെയ്ക്കുകയും ചവിട്ടുകയും, ലാത്തി ഉപയോഗിച്ച് കാലിലും, കാൽപാദത്തിലും ക്രൂരമായി അടിക്കുകയുണ്ടായി. സിദ്ദിക്കിന്റെ നിലവിളി കേട്ട് പുറത്തുനിന്ന് എം.എസ്.എഫ് ജില്ലാ. പ്രസിഡന്റ്, ആബിദും, കാസറഗോഡ് നിയോജകമണ്ഡലം എം.എസ്.എഫ് പ്രസിഡന്റ് അനസ് എതിർത്തോടും കയറി വരുകയും, അവരോട് പോലീസുകാർ മോശമായി പെരുമാറുകയും അവരെ സി.ഐ. അബ്ദുൾ റഹിമിന്റെ നേതൃത്വത്തിൽ പൊതിരെ തല്ലുകയും വലിച്ചിഴച്ച് ലോക്കപ്പിലിടുകയും ചെയ്തു. അതിനിടയിൽ ഞങ്ങളെ പോലീസ്

ഭീഷണിപ്പെടുത്തുകയുമുണ്ടായി. അവസാനം കയറിവന്ന മുസ്ലീലീഗ് ജില്ലാ ട്രഷറർ എ.അബ്ദുൾ റഹിമാൻ, മുസ്ലീം യൂത്ത് ലീഗ് ജില്ലാ പ്രസിഡൻറ് അഷ്റഫ് എടനീറും സെക്രട്ടറി ടി.ഡി.കബീർ എന്നിവരെ തെറി വിളിക്കുകയും തള്ളിപ്പുറത്താക്കുകയും പോലീസ് സ്റ്റേഷൻ അടച്ചിടുകയും ചെയ്തു. പിന്നീട് ഞങ്ങളെ നേതാക്കൾ ഇടപെട്ടാണ് വിട്ടയച്ചത്. സിദ്ദിഖിനെ സ്റ്റേഷനിൽ നിന്നും താങ്ങിപ്പിടിച്ചാണ് പുറത്ത് കൊണ്ടുപോയത്. അതിനുശേഷം ആംബുലൻസിൽ കയറ്റി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ നിന്ന് കെയർവെൽ ഹോസ്പിറ്റലിലേയ്ക്ക് മാറ്റുകയുമാണ് ഉണ്ടായത്.

**കാസറഗോഡ് ഗവ.കോളേജ് വിദ്യാർത്ഥിയും എം.എസ്.എഫ് പ്രവർത്തകനുമായ ശ്രീ.മുഹമ്മദ് അഷ്ഫാക്ക് 10/03/2017 ന് നൽകിയ മൊഴി**

28/02/2017 ന് ഏകദേശം 2 മണിക്ക്, കാസറഗോഡ് ഗവ: കോളേജിലെ രണ്ടാം വർഷ ബികോം വിദ്യാർത്ഥിയായ എന്നെ കോളേജ് ഡിസിപ്ലിൻ കമ്മിറ്റി മീറ്റിങ്ങിനിടെ പോലീസ് എന്നെ ഒരു കാരണവുമില്ലാതെ കോളേജിൽ നിന്ന് എൻെറ സഹപാഠികളുടെ മുമ്പിൽ വെച്ച് കോളറിന് പിടിച്ച് കൊണ്ട് വരുകയും, ആദ്യം എന്നെ പോലീസ് ജീപ്പിൽ കയറ്റുകയും, അതിനുശേഷം പോലീസ് ബസ്സിൽ കയറി കാസർഗോഡ് സ്റ്റേഷനിലേക്ക് കൊണ്ട് പോകുകയായിരുന്നു. സ്റ്റേഷനിൽ എത്തിയ ഉടനെ എന്താണ് പ്രശ്നമെന്ന് ചോദിക്കാതെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. എന്നിട്ട് ഞങ്ങളെ അവിടെ അരമണിക്കൂറോളം ഇരുത്താതെ നിർത്തിക്കുകയായിരുന്നു. കോളേജിൽ നിന്നും നിരപരാധികളായ ഞങ്ങളെ അഞ്ചു പേരെയാണ് കാസർഗോഡ് പോലീസ് പിടിച്ച് കൊണ്ടുപോയത്. എന്നിട്ട് സ്റ്റേഷനിൽ നിന്ന് ഞങ്ങളുടെ പേരും വിലാസവും 2-3 പ്രാവശ്യം എഴുതുകയും, അതിനിടയിൽ മൂന്ന് പ്രാവശ്യത്തിലധികം ഫോട്ടോയെടുക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ സിവിൽ ഡ്രസ്സിലുണ്ടായിരുന്ന ഒരു പോലീസുകാരൻ എൻെറ ഒന്നിച്ച് കൊണ്ടുപോയ സിദ്ദിഖിനെ മുഖത്ത് അടിക്കുകയും അടുത്തുള്ള മുറിയിലേക്ക് കൊണ്ടുപോയി മർദ്ദിക്കുകയായിരുന്നു. സിദ്ദിഖ് കരയുന്നത് എനിക്ക് കേൾക്കുന്നുണ്ടായിരുന്നു. കുറച്ച് നേരം അവനെ അവിടന്ന് മർദ്ദിച്ചതിനു ശേഷം സിദ്ദിഖിനെ ഞങ്ങളുടെ അടുത്ത് നിർത്തിക്കുകയായിരുന്നു. ഇതിനിടയിൽ കയറിവന്ന സർക്കിൾ ഇൻസ്പെക്ടർ അബ്ദുൾ റഹിം, പോലീസുകാരായ എ.എസ്.ഐ. സതീഷൻ, കിഷോർകുമാർ, തോമസ്, പ്രദീപ്, മധുസൂദനൻ, ബാലകൃഷ്ണൻ എന്നീ പോലീസുകാർ ചേർന്ന് ഞങ്ങളെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. സിദ്ദിഖിനെ താഴേക്ക് വലിച്ചിടുകയും സി.ഐ. അബ്ദുൾ റഹിമും മേൽപറഞ്ഞ പോലീസുകാരും ചേർന്ന് കാൽമുട്ടിൽ കയറി നിന്ന്

കാലിലേക്ക് ക്രൂരമായി ലാത്തികൊണ്ട് അടിച്ചു. സിദ്ദിക്കിൻെറ ഉറക്കെയുള്ള നിലവിളി കേട്ട് പുറത്ത് ഉണ്ടായിരുന്ന എം.എസ്.എഫ് ജില്ലാ പ്രസിഡൻെറ് ആബീദ് ആറങ്ങാടിയും കാസറഗോഡ് നിയോജകമണ്ഡലം എം.എസ്.എഫ്

പ്രസിഡൻെറ് അനസ് എതിർത്തോടും കയറി വരുകയും, അവരോട് എന്തിനാണ് വന്നതെന്ന് ചോദിക്കാതെ സി.ഐ. അബ്ദുൾ റഹിമിൻെറ നേതൃത്വത്തിൽ പൊതിരെ തല്ലുകയും വലിച്ചിഴച്ച് ലോക്കപ്പിലിട്ടുകയും ചെയ്തു. വിവരങ്ങൾ അറിഞ്ഞ് അവിടെ എത്തിയ മുസ്ലീം ലീഗ് ജില്ലാ ട്രഷറർ എ.അബ്ദുൾ റഹിമാൻ, മുസ്ലീം യൂത്ത് ലീഗ് ജില്ലാ പ്രസിഡൻെറ് അഷ്റഫ് എടനീർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും യൂത്തി ലീഗ് ജില്ലാ സെക്രട്ടറിയുമായ ടി.സി.കബീർ എന്നിവരെ പറയാൻ പറ്റാത്ത ഭാഷയിൽ തെറി വിളിക്കുകയും ചെയ്തു. പിന്നീട് നേതാക്കൾ ഇടപെട്ടാണ് ഞങ്ങളെ വിട്ടയച്ചത്. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന സിദ്ദിഖിനെ താങ്ങിപ്പിടിച്ചാണ് ആംബുലൻസിൽ കയറ്റിയത്.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ സി.പി.ഒ 2276 കിഷോർ കുമാർ.കെ.വി എന്നയാളുടെ 08/03/2017 ലെ സ്റ്റേറ്റ്മെൻെറ്**

2017 ഫെബ്രുവരി 28 ന് വൈകുന്നേരം 4 മണി മുതൽ 6 മണി വരെ കാസറഗോഡ് പോലീസ് സ്റ്റേഷനിൽ പാറാവ് നിൽക്കുന്ന സമയം സുമാർ 16.45 മണിയോടെ ആബീദ്, അനസ് എന്നിവർ സ്റ്റേഷനിലേക്ക് വരികയും കാസറഗോഡ് ഗവ.കോളേജിൽ എം.എസ്.എഫ്- എസ്.എഫ്.ഐ പ്രവർത്തകർ തമ്മിൽ അടി നടന്നതിൽ എം.എസ്.എഫ് പ്രവർത്തകരെ മാത്രം എന്താണ് പിടിച്ചുകൊണ്ടുവന്നതെന്നും എസ്.എഫ്.ഐക്കാർ ഭരണകക്ഷിക്കാർ ആയതുകൊണ്ടാണോ പിടിക്കാത്തത് എന്നും മറ്റും ചോദിച്ച് സ്റ്റേഷനകത്തേക്ക് കയറാൻ ശ്രമിച്ചപ്പോൾ ഞാൻ തടയുകയും അപ്പോൾ അവർ എന്നെ പിടിച്ചു തള്ളുകയും എൻെറ കാൽ മേശയുടരികിൽ കൊണ്ട് ഇടതു കാൽമുട്ടിന് വേദന പറ്റുകയും ചെയ്തിരുന്നു. പാറാവ് റസ്റ്റിലുള്ള സി.പി.ഒ 2182 പ്രവീണും ജി.ഡി ചാർജ്ജിൽ താത്കാലിക ചുമതലയുണ്ടായിരുന്ന ഗ്രേഡ് എ എസ് ഐ സതീഷ്കുമാർ സാറും ചേർന്ന് അവരെ തടഞ്ഞപ്പോൾ കൂടുതൽ പേർ സ്റ്റേഷനകത്തേക്ക് കടന്നുവരികയും സി.പി.ഒ പ്രവീണിൻെറ ഷർട്ടിൻെറ ബട്ടൻസ് പൊട്ടുകയും ചെയ്തു. സ്റ്റേഷനകത്തേക്ക് കൂടുതൽ പ്രവർത്തകർ കയറുന്നതിനാലും ജി.ഡി ചാർജ്ജിൻെറ മുന്നിലായി ആൾക്കാർ ഉണ്ടായതിനാലും എം.എസ്.എഫ് പ്രവർത്തകരായ ആബീദ്, അനസ് എന്നിവരെ ലോക്കപ്പിലേക്ക് മാറ്റിയിരുന്നു. ആൾക്കാർ മാറിയതിനു ശേഷം ലോക്കപ്പിൽ നിന്നും മാറാൻ പറഞ്ഞെങ്കിലും അവർ അതിന് തയ്യാറായില്ല. ലോക്കപ്പിൽ വെച്ച്

ആരെയും ദേഹോപദ്രവം ചെയ്തിട്ടില്ല. പോലീസിനെ ആക്രമിച്ചതിന് കേസാകുമെന്ന് ഭയന്ന് അവരെ അടിച്ചു എന്ന കളവു പറഞ്ഞതാണ്. എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി ദേഹോപദ്രവം ചെയ്തതിന് എന്റെ പരാതി പ്രകാരം ആബിദ്, അനസ് എന്നിവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എ.എസ്.ഐ (ഗ്രേഡ്) മധുസൂദനൻ.കെ.വി എന്നയാളുടെ 08/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ ജിഡി ചാർജ്ജ് ഏറ്റെടുത്ത് ഡ്യൂട്ടി ചെയ്തു വരവെ ഉച്ചയ്ക്ക് 02.30 മണിയോടെ കാസറഗോഡ് പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ നിർദ്ദേശ പ്രകാരം, കാസറഗോഡ് ഗവ. ഹോസ്പിറ്റലിലും കെയർവെൽ ഹോസ്പിറ്റലിലും അഡ്മിറ്റായി ചികിത്സയിൽ കഴിഞ്ഞു വരുന്നവരുടെ മൊഴി രേഖപ്പെടുത്താനായി പോകുകയും 19.15 മണിയോടെ രേഖപ്പെടുത്തിയ മൊഴികൾ സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. സ്റ്റേഷനിൽ എത്തിയ സമയം സ്റ്റേഷനിൽ വെച്ച് എം.എസ്.എഫ് പ്രവർത്തകരെ കാസറഗോഡ് ഗവ.കോളേജിൽ നിന്നും സി.ഐ സാറും മറ്റും ചേർന്ന് പിടിച്ചുകൊണ്ടു വന്ന വിവരവും ലീഗ് പ്രവർത്തകർ സ്റ്റേഷനിൽ വന്ന് ബഹളം വെച്ച കാര്യവും പറഞ്ഞ് കേട്ടിരുന്നു.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എസ്.ഐ അജിത്ത്കുമാർ.പി എന്നയാളുടെ 08/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഉച്ചയ്ക്ക് ശേഷം സംഭവം നടക്കുന്ന സമയം ഞാൻ സ്റ്റേഷനിൽ ഹാജരായിരുന്നില്ല. 01/03/2017 ന് അവധിക്ക് വേണ്ടി അപേക്ഷിച്ചിരുന്നുവെങ്കിലും അവധി ക്യാൻസൽ ചെയ്ത് 01/03/2017 ന് ജോലിയിൽ പ്രവേശിച്ചു.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എ.എസ്.ഐ (ഗ്രേഡ്) സതീശൻ.പി.വി എന്നയാളുടെ 08/03/2017 ലെ സ്റ്റേറ്റ്മെൻറ്**

28/02/2017 തീയതി രാത്രി ജി.ഡി ഡ്യൂട്ടിയുണ്ടായിരുന്നു. അന്നേ ദിവസം സ്റ്റേഷന്റെ പുറത്ത് നിന്നും ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഉദ്ദേശം 5.15 മണിയോടെ ഞാൻ സ്റ്റേഷനിലോട്ട് പോയിട്ടുള്ളതാണ്. ആ സമയം സ്റ്റേഷന്റെ പുറത്തു നിന്നും മുസ്ലീം ലീഗ് നേതാവായ അബ്ദുൾ റഹിമാൻ അടക്കം എനിക്ക് കണ്ടു

പരിചയമുള്ള പത്തോളം മുസ്ലിം പ്രവർത്തകർ സ്റ്റേഷൻെറ പുറത്ത് ഗ്രില്ലിന് സമീപത്തായി എസ്.ഐ നാരായണൻ സാറിനോടും മറ്റ് പോലീസുകാരോടും തട്ടിക്കയറുന്നതും മോശമായി സംസാരിക്കുന്നതും കണ്ടപ്പോ സ്റ്റേഷൻെറ മുൻവശത്തു നിന്നും മാറിപ്പോകണമെന്നും സഭ്യമായ ഭാഷയിൽ സംസാരിക്കണമെന്നും പറഞ്ഞപ്പോൾ അവർ എൻെറ നേരെ തട്ടിക്കയറുകയും മോശമായി സംസാരിക്കുകയും ചെയ്തു. പിന്നീട് അവർ സി.ഐ സാറിൻെറ ഓഫീസിലേക്ക് കയറിപ്പോയി. സംഭവം നടന്ന എന്ന് മുസ്ലീം പ്രവർത്തകർ ആരോപിക്കുന്ന സമയം ഞാൻ സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല ലീഗ് പ്രവർത്തകർക്ക് എന്നോടുള്ള വിരോധത്തിലോ മറ്റോ ആകാം എൻെറ പേര് ഇതിൽ ഉൾപ്പെടുത്തിയത്.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ സി.പി.ഒ 2182 പ്രവീൺ കെ.എസ് എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് രാവിലെ 8 മണി മുതൽ കാസറഗോഡ് പോലീസ് സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിയും ഉച്ചക്ക് 2 മണി മുതൽ 4 വരെ സ്റ്റേഷൻ ഗാർഡ് ഡ്യൂട്ടിയിലും ഞാൻ ഉണ്ടായിരുന്നു. ഉച്ചക്ക് 03.30 മണിയോടെ കാസറഗോഡ് ഗവ.കോളേജിൽ നിന്നും അടിപിടിയുണ്ടാക്കിയ 5 വിദ്യാർത്ഥികളെ എസ്.ഐ അമ്പാടി സാർ സ്റ്റേഷനിലേക്ക് കൊണ്ടുവന്നിരുന്നു. 4 മണിയോടെ സ്റ്റേഷൻ ഗാർഡ് ചുമതല സി.പി.ഒ 2276 കിഷോറിനെ ഏൽപ്പിച്ച് ഞാൻ സ്റ്റേഷനിൽ തന്നെയുണ്ടായിരുന്നു. സുമാർ 16.45 മണിയോടെ 2 ചെറുപ്പക്കാർ സ്റ്റേഷനിലേക്ക് കയറി വന്ന് കിഷോറിനോട് കയർത്ത് സംസാരിക്കുകയും തള്ളിമാറ്റി അകത്തേക്ക് കയറി വരുന്നതും കണ്ടപ്പോൾ ഞാനും ജിഡി ചാർജ് ഡ്യൂട്ടിയിലുണ്ടായിരുന്ന സതീഷ്കുമാർ സാറും കൂടി അവരെ തടഞ്ഞു. അവർ എന്നെ തള്ളിയപ്പോൾ എൻെറ ഷർട്ടിൻെറ ബട്ടൻസ് പൊട്ടുകയും ആ സമയം പുറത്തുനിന്നും അവരുടെ കൂടെയുള്ളവർ സ്റ്റേഷനിലേക്ക് കയറി വരികയും ചെയ്തു. സ്റ്റേഷനകത്തേക്ക് കൂടുതൽ പ്രവർത്തകർ കയറുന്നതിനാലും ജിഡി ചാർജ്ജിൻെറ പിറകിലായി പത്തോളം ആൾക്കാരെ ഇരുത്തിയിട്ടുള്ളതിനാലും സ്റ്റേഷനിലേക്ക് ആദ്യം ഇടിച്ചുകയറിവന്ന 2 ചെറുപ്പക്കാരെ സ്ഥലപരിമിതി മൂലം ലോക്കപ്പിലേക്ക് മാറ്റിയിരുന്നു. സ്റ്റേഷൻെറ പുറത്ത് ആളുകൾ തടിച്ചുകൂടി മുദ്രാവാക്യം വിളിക്കുകയും സംഘർഷം ഉണ്ടാക്കാൻ ശ്രമിക്കുന്നുമുണ്ടായിരുന്നു. ലോക്കപ്പിൽ നിർത്തിയ 2 പേരെയും കോളേജിൽ നിന്നും പിടിച്ചുകൊണ്ടു വന്ന വിദ്യാർത്ഥികളെയും ആരും തന്നെ ദേഹോപദ്രവം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല. ഞാൻ ആരെയും ഉപദ്രവിക്കുകയോ ചീത്തവിളിക്കുകയോ ചെയ്തിട്ടില്ല. ശരീരവേദനയുണ്ടായതിനാൽ ഞാനും കിഷോറും പിന്നീട് കാസറഗോഡ്

ഗവ.ആശുപത്രിയിൽ ഒ.പി ആയി ചികിത്സ തേടിയിരുന്നു

**കാസറഗോഡ് പോലീസ് സ്റ്റേഷൻ സി.പി.ഒ 2161 രജനീഷ് എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ കമ്പ്യൂട്ടർ ഡ്യൂട്ടി യായതിനാൽ അത് ചെയ്ത് വരവെ വൈകുന്നേരം സുമാർ 4.45 മണിയോടെ സ്റ്റേഷനിലെ ജി.ഡി ചാർജ്ജിൻെറ മേശയുടെ മുന്നിൽ നിന്നും ഒച്ചയും ബഹളവും കേട്ട് മുറിയിൽ നിന്നും പുറത്ത് വന്നപ്പോൾ സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2276 കിഷോറിനെ ഷർട്ടും മുണ്ടും ധരിച്ച ഒരാൾ പിടിച്ചുതള്ളുന്നതും ചീത്തപറയുന്നതും കേട്ടു. ഉടൻ തന്നെ ഞാനും സ്റ്റേഷനിലുണ്ടായിരുന്ന മറ്റുള്ളവരും ടിയാനെ പിടിച്ചുമാറ്റി ബഹളം കേട്ട് സി.ഐ സാർ എത്തുകയും ടിയാനെ കസ്റ്റഡിയിലെടുക്കാൻ പറയുകയും ചെയ്തു. ഓടാൻ ശ്രമിച്ച ടിയാനെ ഞങ്ങൾ ബലമായി പിടിച്ച് സി.ഐ സാറിൻെറ നിർദ്ദേശ പ്രകാരം ലോക്കപ്പിനകത്താക്കി. സ്റ്റേഷനകത്ത് കയറി വന്ന 2 പേർ എം.എസ്.എഫ് ഭാരവാഹികളായ ആബിദ്, അനസ് എന്നിവരാണെന്ന് പിന്നീട് മനസ്സിലായി. സ്റ്റേഷനിൽ വെച്ച് ആരും തന്നെ ടിയാൻമാരെ മർദ്ദിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഞാൻ ആരെയും മർദ്ദിച്ചിട്ടില്ല.

**കാസറഗോഡ് പോലീസ് ഇൻസ്പെക്ടറുടെ ഡ്രൈവറായ സി.പി.ഒ 2582 തോമസ്.എം.വൈ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

കാസറഗോഡ് പോലീസ്ഇൻസ്പെക്ടറുടെ ഡ്രൈവറായ ഞാൻ 2017 ഫെബ്രുവരി 28 ന് ഉച്ചയ്ക്ക് 2 മണിക്ക് സി.ഐ സാറിൻെറ കൂടെ കാസറഗോഡ് കലക്ടറേറ്റിൽ നടക്കുന്ന കോൺഫറൻസിൽ പങ്കെടുന്നതിന് പോകുന്ന സമയം കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം നടക്കുന്നതായി അറിയുകയും ഞങ്ങൾ കോളേജിലേക്ക് പോകുകയും ചെയ്തു. ഞങ്ങളുടെ വാഹനം കണ്ടയുടനെ വിദ്യാർത്ഥികൾ ചിതറിയോടുകയും ഞാൻ അവരുടെ പുറകെ ഓടുകയും മതിൽ ചാടി കടന്ന് ഓടുന്നതിനിടയിൽ ഒരാൾ വീഴുകയും ഞാൻ അയാളെ പിടിക്കുന്നതിനിടയിൽ അയാളുടെ കൂടെയുണ്ടായിരുന്ന 3 പേരും കൂടി എന്നെ ബലമായി കടന്നുപിടിക്കുകയും എൻെറ വലതു കൈവിരൽ തിരിച്ചു പിടിച്ച്. പരിക്കേൽപ്പിക്കുകയും ചെയ്തു അപ്പോൾ അവിടെയെത്തിയ സി.ഐ സാറും മറ്റ് പോലീസുകാരും അവരെ പിടികൂടുകയും പിടികൂടിയവരെ കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുന്നതിന് എ.എസ്.ഐ അമ്പാടി സാറിനെ ഏൽപ്പിച്ചു. സമയം

വൈകിയതിനാൽ കലക്ടറേറ്റിലെ കോൺഫറൻസിനു പോകാതെ എസ്.പി.ഓഫീസിൽ നടക്കുന്ന കോൺഫറൻസിനു പോയി. കാസറഗോഡ് പോലീസ് സ്റ്റേഷനിൽ എം.എസ്.എഫ് പ്രവർത്തകർ പ്രശ്നമുണ്ടാക്കുന്നതായി വിവരം ലഭിച്ച പ്രകാരം സുമാർ 16.45 മണിയോടെ സ്റ്റേഷനിലേക്ക് പോകുകയും ആ സമയം സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2276 കിഷോറിനെയും പാറാവ് റെസ്റ്റ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2182 പ്രവീണിനെയും എം.എസ്.എഫ് പ്രവർത്തകർ അടക്കമുള്ളവർ പിടിച്ചുവലിക്കുന്നതായും തള്ളിയിടുന്നതായും കണ്ടു. പിന്നീട് ഡി.വൈ.എസ്.പി സാറിന്റെ നിർദ്ദേശ പ്രകാരം എല്ലാവരെയും വിട്ടയച്ചതായി അറിഞ്ഞു. കോളേജിൽ നിന്നും പിടിച്ചുകൊണ്ടു വന്നവരിൽ ഓടിപ്പോകുന്നതിനിടയിൽ വീണയാളുടെ പേര് അബൂബക്കർ സിദ്ധിഖാണെന്ന് പിന്നീട് അറിഞ്ഞു. കോളേജിൽ വെച്ച് അബൂബക്കർ സിദ്ധിഖും, കൂടെയുണ്ടായിരുന്ന 3 പേരും എന്റെ കൈക്കും കഴുത്തിനും മറ്റും പിടിച്ചു തിരിക്കുകയും ചെയ്തതിൽ എനിക്ക് പരിക്ക് പറ്റിയ കാരണം ഞാൻ കാസറഗോഡ് ഗവജനറൽ ഹോസ്പിറ്റലിൽ ഒ.പി യായി ചികിത്സ തേടിയിരുന്നു

**കാസറഗോഡ് പോലീസ് സ്റ്റേഷൻ സി.പി.ഒ 1852 പ്രദീപൻ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് 14.30 മണിക്ക് കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥി സംഘർഷം ഉണ്ടായിട്ടുണ്ട് എന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ എ.എസ്.ഐ നാരായണൻ സാറിന്റെയും അമ്പാടി സാറിന്റെയും കൂടെ ഞാൻ കോളേജിലേക്ക് പോലീസ് ജീപ്പിൽ പോയിരുന്നു. അവിടെയെത്തിയപ്പോൾ വിദ്യാർത്ഥി സംഘട്ടനത്തിൽ ഏർപ്പെട്ട അപ്പോളം വിദ്യാർത്ഥികളെ സി.ഐ .സാർ കസ്റ്റഡിയിലെടുക്കുകയും ആ സമയം അവരെ സ്റ്റേഷനിലെത്തിക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാരായണൻ സാറും അമ്പാടി സാറും അവരെ സ്റ്റേഷനിലേക്ക് കൊണ്ടു വന്നു ബെഞ്ചിൽ ഇരുത്തിയിരുന്നു. സുമാർ 16.45 മണിയോടെ 2 എം.എസ്.എഫ്, നേതാക്കന്മാർ സ്റ്റേഷനിലേക്ക് കയറി വന്ന് പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന കിഷോറിനോട് ബഹളം വെയ്ക്കുകയും ബലം പ്രയോഗിച്ച് തള്ളി അകത്തേക്ക് കയറി വരുന്നതും കണ്ടപ്പോൾ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2182 പ്രവീണും ജി.ഡി ചാർജ് ഡ്യൂട്ടിയിലുണ്ടായിരുന്ന സതീഷ്കുമാർ സാറും കൂടി അവരെ തടഞ്ഞപ്പോൾ പ്രവീണിന്റെ ഷർട്ടിന്റെ ബട്ടൻസ് പൊട്ടിക്കുകയും ആ സമയം പുറത്തുനിന്നും അവരുടെ കുറേയാളുകൾ സ്റ്റേഷനിലേക്ക് കയറി വരികയും ചെയ്തു. ജിഡി സ്റ്റേഷനകത്തേക്ക് കൂടുതൽ പ്രവർത്തകർ കയറുന്നതിനാലും

ചാർജ്ജിൻെറ പിറകിലായി പത്തോളം ആൾക്കാരെ ഇരുത്തിയിട്ടുള്ളതിനാലും സ്റ്റേഷനിലേക്ക് ആദ്യം ഇടിച്ചുകയറിവന്ന 2 ചെറുപ്പക്കാരെ സ്ഥലപരിമിതി മൂലം ലോക്കപ്പിലേക്ക് മാറ്റിയിരുന്നു. ഈ സമയം മുസ്ലീം ലീഗ് നേതാവായ അബ്ദുൾ റഹിമാൻെറ നേതൃത്വത്തിൽ മുസ്ലീം ലീഗ് പ്രവർത്തകർ സ്റ്റേഷനിലെത്തുകയും ബഹളം വെയ്ക്കുകയും മോശമായ രീതിയിൽ സംസാരിക്കുകയും ചെയ്തിരുന്നതിനാൽ അവരെ സ്റ്റേഷനിൽ നിന്നും പുറത്താക്കിയിരുന്നു ലോക്കപ്പിൽ നിർത്തിയ 2 പേരെയും കോളേജിൽ നിന്നും പിടിച്ചുക്കൊണ്ടു വന്ന വിദ്യാർത്ഥികളെയും ആരും തന്നെ ദേഹോപദ്രവം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല. ഞാൻ ആരെയും ഉപദ്രവിക്കുകയോ ചീത്തവിളിക്കുകയോ ചെയ്തിട്ടില്ല

**കാസറഗോഡ് പോലീസ് സ്റ്റേഷൻ സീനിയർ സി.പി.ഒ 1262 മധുസൂദനൻ.വി.എം. എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ എ.എസ്.ഡബ്ല്യു ഡ്യൂട്ടി റൈറ്ററുടെ റൂമിൽ ചെയ്തു വരവെ വൈകുന്നേരം സുമാർ 16.45 മണിയോടെ സ്റ്റേഷൻെറ മുൻവശം ജി.ഡി ചാർജ്ജിൻെറ മേശയുടെ മുന്നിൽ നിന്നും ഒച്ചയും ബഹളവും കേട്ട് മുറിയിൽ നിന്നും പുറത്ത് വന്നപ്പോൾ സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2276 കിഷോറിനെ ഷർട്ടും മുണ്ടും ധരിച്ച ഒരാൾ പിടിച്ചുതള്ളുന്നതും ചീത്തപറയുന്നതും കേട്ടു. ഉടൻ തന്നെ ഞാനും സ്റ്റേഷനിലുണ്ടായിരുന്ന മറ്റുള്ളവരും ടിയാനെ പിടിച്ചുമാറ്റി ബഹളം കേട്ട് സി.ഐ സാർ എത്തുകയും ടിയാനെ കസ്റ്റഡിയിലെടുക്കാൻ പറയുകയും ചെയ്തു. ഓടാൻ ശ്രമിച്ച ടിയാനെ ഞങ്ങൾ ബലമായി പിടിച്ച് സിഐ സാറിൻെറ നിർദ്ദേശ പ്രകാരം ലോക്കപ്പിനകത്താക്കി. ഈ സമയം സ്റ്റേഷനിൽ കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ തമ്മിലുള്ള അടിപിടിയെ തുടർന്ന് പിടിച്ചുക്കൊണ്ടു വന്ന 5 വിദ്യാർത്ഥികളും ബിവറേജസ് ഔട്ട് ലെറ്റിന് മുൻവശം വെച്ച് പുകവലിച്ചതിന് സ്റ്റേഷനിലേക്ക് കൊണ്ടു വന്ന 2 പേരു ഉണ്ടായിരുന്നു. സ്റ്റേഷനകത്ത് കയറി വന്ന 2 പേർ എം.എസ്.എഫ് ഭാരവാഹികളായ ആബിദ്, അനസ് എന്നിവരാണെന്ന് പിന്നീട് മനസ്സിലായി സ്റ്റേഷനിലെ പോലീസുകാർ ആരും തന്നെ ടിയാന്മാരെ മർദ്ദിക്കുന്നതായി ഞാൻ കണ്ടിട്ടില്ല.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എ.എസ്.ഐ (ഗ്രേഡ്) സുഭാഷ്.ഇ.കെ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ വൈകുന്നേരം സുമാർ 16.45 മണിയോടെ സ്റ്റേഷൻെറ മുൻവശം ജി.ഡി

ചാർജ്ജിൻെറ മേശയുടെ മുന്നിൽ നിന്നും ഒച്ചയും ബഹളവും കേട്ട് മുറിയിൽ നിന്നും പുറത്ത് വന്നപ്പോൾ സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2276 കിഷോറിനെ ഷർട്ടും മുണ്ടും ധരിച്ച ഒരാൾ പിടിച്ചുതള്ളുന്നതും ചീത്തപറയുന്നതും കേട്ടു. ഉടൻ തന്നെ ഞാനും സ്റ്റേഷനിലുണ്ടായിരുന്ന മറ്റുള്ളവരും ടിയാനെ പിടിച്ചുമാറ്റി. ബഹളം കേട്ട് സി.ഐ സാർ എഴുന്നേൽക്കുകയും ടിയാനെ കസ്റ്റഡിയിലെടുക്കാൻ പറയുകയും ചെയ്തു. ഓടാൻ ശ്രമിച്ച ടിയാനെ ഞങ്ങൾ ബലമായി പിടിച്ച് സി.ഐ സാറിൻെറ നിർദ്ദേശ പ്രകാരം ലോക്കപ്പിനകത്താക്കി. ഈ സമയം സ്റ്റേഷനിൽ കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ തമ്മിലുള്ള അടിപിടിയെ തുടർന്ന് പിടിച്ചുക്കൊണ്ടു വന്ന 5 വിദ്യാർത്ഥികളും ബിവറേജസ് ഔട്ട് ലെറ്റിന് മുൻവശം വെച്ച് പുകവലിച്ചതിന് സ്റ്റേഷനിലേക്ക് കൊണ്ടു വന്ന 2 പേരും ഉണ്ടായിരുന്നു. സ്റ്റേഷനകത്ത് കയറി വന്ന 2 പേർ എം.എസ്.എഫ് ഭാരവാഹികളായ ആബീദ്, അനസ് എന്നിവരാണെന്ന് പിന്നീട് മനസ്സിലായി. ഗവ.കോളേജിൽ നിന്നും എം.എസ്.എഫ് പ്രവർത്തകരെ മാത്രം പിടിച്ചുക്കൊണ്ടു വന്നു എന്ന് പറഞ്ഞാണ് അവർ സ്റ്റേഷനിൽ ബഹളമുണ്ടാക്കിയതും പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരനെ പിടിച്ചു തള്ളിയതും. ഞാൻ സ്റ്റേഷനിൽ വന്ന ആരെയും തല്ലുകയോ ചീത്തവിളിക്കുകയോ ചെയ്തിട്ടില്ല

**കാസറഗോഡ് പോലീസ് സ്റ്റേഷൻ ജൂനിയർ എസ്.ഐ രാജീവ് തെരുവത്തപീടികയിൽ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് 14.30 മണിക്ക് കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥി സംഘർഷം ഉണ്ടായിട്ടുണ്ട് എന്നുള്ള വിവരത്തിൻെറ അടിസ്ഥാനത്തിൽ വിദ്യാർത്ഥി സംഘട്ടനത്തിൽ ഏർപ്പെട്ട അഞ്ചോളം വിദ്യാർത്ഥികളെ സി.ഐ സാർ കസ്റ്റഡിയിലെടുക്കുകയും അവരെ സ്റ്റേഷനിലേക്ക് കൊണ്ടുവന്നു ബെഞ്ചിൽ ഇരുത്തുകയും ചെയ്തിരുന്നു.. സ്കൂളിൽ മദ്യപിച്ച് ബഹളമുണ്ടാക്കിയ 3 വിദ്യാർത്ഥികളെ അദ്ധ്യാപകർ നൽകിയ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഞാൻ സ്റ്റേഷനിലേക്ക് കൊണ്ടു വന്നിരുന്നു. കൂടാതെ ടൌണിൽ മദ്യപിച്ചു ബഹളമുണ്ടാക്കായ രണ്ടു പേരെയും കൊണ്ടു വന്നിരുന്നു. സുമാർ 16.45 മണിയോടെ 2 എം.എസ്.എഫ് നേതാക്കന്മാർ സ്റ്റേഷനിലേക്ക് കയറി വന്ന് പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന കിഷോറിനോട് ബഹളം വെയ്ക്കുകയും ബലം പ്രയോഗിച്ച് തള്ളി അകത്തേക്ക് കയറി വരുന്നതും കണ്ടപ്പോൾ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2182 പ്രവീണും ജി.ഡി ചാർജ് ഡ്യൂട്ടിയിലുണ്ടായിരുന്ന സതീഷ്കുമാർ സാറും കൂടി അവരെ തടഞ്ഞപ്പോൾ പ്രവീണിൻെറ ഷർട്ടിൻെറ ബട്ടൻസ് പൊട്ടിക്കുകയും ആ സമയം പുറത്തുനിന്നും

അവരുടെ കുറേയാളുകൾ സ്റ്റേഷനിലേക്ക് കയറി വരികയും ചെയ്തു. സ്റ്റേഷനകത്തേക്ക് കൂടുതൽ പ്രവർത്തകർ കയറുന്നതിനാലും ജിഡി ചാർജ്ജിൻെറ പിറകിലായി പത്തോളം ആൾക്കാരെ ഇരുത്തിയിട്ടുള്ളതിനാലും സ്റ്റേഷനിലേക്ക് ആദ്യം ഇടിച്ചുകയറിവന്ന 2 ചെറുപ്പക്കാരെ .സ്ഥലപരിമിതി മൂലം ലോക്കപ്പിലേക്ക് മാറ്റിയിരുന്നു. ലോക്കപ്പിൽ നിർത്തിയ 2 പേരെയും കോളേജിൽ നിന്നും പിടിച്ചുകൊണ്ടു വന്ന വിദ്യാർത്ഥികളെയും ആരും തന്നെ തല്ലുന്നതായി ഞാൻ കണ്ടിട്ടില്ല. ടിയാന്മാർ സ്റ്റേഷനിൽ ബഹളം വെച്ച് തള്ളിക്കയറുവാൻ ശ്രമിച്ച സമയം ഞാനും സ്റ്റേഷനിൽ ഉണ്ടായിരുന്ന മറ്റ് പോലീസുകാരും അവരെ അതിൽ.നിന്നും തടഞ്ഞിരുന്നു.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ ഗ്രേഡ് എ.എസ്.ഐ സതീഷ്കുമാർ.എൻ.കെ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻെറ്**

2017 ഫെബ്രുവരി 28 ന് 15.30 മണിയോടെ എ.എസ്.ഐ സാർ കാസറഗോഡ് ഗവ.കോളേജിൽ സംഘട്ടനത്തിൽ ഏർപ്പെട്ടിരുന്ന അബൂബക്കർ സിദ്ധിഖ്, മുനവർ സാഹിദ്, മുഹമ്മദ് അഷ്ഫാക്ക്, അൻസാർ സൽമാൻ എന്നീ 4 എം.എസ്.എഫ് കാരെയും വിഷ്ണു.പി.എസ് എന്ന എസ്.എഫ്.ഐ കാരനെയും സ്റ്റേഷനിൽ കൊണ്ടു വന്നിരുത്തിയിരുന്നു. തുടർന്ന് 16.05 മണിയോടെ അമ്പാടി സാർ പുറത്തേയ്ക്ക് ഡ്യൂട്ടിക്ക് പോയി. കൊണ്ടുവന്ന വിദ്യാർത്ഥികളിൽ അബൂബക്കർ സിദ്ധിഖിന് കോളേജിൽ നിന്നും ഓടുന്നതിനിടയിൽ വീണ് പരിക്ക് പറ്റിയതായി എസ്.ഐ സാർ പറഞ്ഞിരുന്നു. കാണത്തക്ക പരിക്കൊന്നുമില്ലാത്തതിനാൽ ഹോസ്പിറ്റലിൽ പോയിരുന്നില്ല. പിന്നീട് സുമാർ 16.45 മണിയോടെ 2 പേർ സ്റ്റേഷനിലേയ്ക്ക് വന്ന് പാറാവിലുണ്ടായിരുന്ന സിപി.ഒ 2276 കാരനോട് ബഹളം വെയ്ക്കുന്നത് കേട്ട് ഞാൻ കാര്യം തിരക്കിയപ്പോൾ അവർ എം.എസ്.എഫ് കാരെ മാത്രം എന്തിനാണ് പിടിച്ചതെന്നും എസ്.എഫ്.ഐ ക്കാർ ഭരണത്തിലിരിക്കുന്നതുകൊണ്ടാണോ പിടിക്കാത്തതെന്നും മറ്റും ചോദിച്ച് പാറാവുകാരനെ തട്ടിമാറ്റി എൻെറ അടുത്തേക്ക് വന്നു. ഈ ഇരിക്കുന്നവരിൽ ഒരാൾ എസ്.എഫ്.ഐ ക്കാരനാണെന്ന് പറഞ്ഞപ്പോൾ അവർ അത് ചെവിക്കൊണ്ടില്ല. അവർ എന്നോട് കയർക്കുകയും മറ്റും ചെയ്യുകയും റെസ്റ്റ് പാറാവിലുണ്ടായിരുന്ന പ്രവീണിൻെറ ഷർട്ടിൻെറ ബട്ടൻസ് പൊട്ടിക്കുകയും ആ സമയത്ത് അവിടെയെത്തിയ സി.ഐ സാറും എ.എസ്.ഐ നാരായണൻ സാറും അവരെ രണ്ടു പേരെയും ലോക്കപ്പിനകത്താക്കി. കുറച്ചുകഴിഞ്ഞപ്പോൾ ലീഗ് നേതാക്കളായ അബ്ദുൾ റഹിമാൻ, അഷ്റഫ് എടനീർ എന്നിവരുടെ നേതൃത്വത്തിൽ ലീഗ് പ്രവർത്തകർ സ്റ്റേഷനിലേക്ക് കയറുകയും ബഹളമുണ്ടാക്കുകയും പാറാവുകാരനെയും മറ്റും പിടിച്ചുതള്ളുകയും ചെയ്തു സമയം

അവരെ സ്റ്റേഷനിൽ നിന്നും പിടിച്ചുപുറത്താക്കിയിരുന്നു. സ്റ്റേഷനിൽ ഞാനോ മറ്റ് പോലീസുകാരോ ആരെയും മർദ്ദിച്ചിട്ടില്ല.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എ.എസ്.ഐ കെ.വി.നാരായണൻ എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് 14.30 മണിക്ക് കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥി സംഘർഷം ഉണ്ടായിട്ടുണ്ട് എന്നുള്ള വിവരത്തിൻെറ അടിസ്ഥാനത്തിൽ ഞാനും എ.എസ്.ഐ അമ്പാടിയും പാർട്ടിയും കോളേജിലേക്ക് പോലീസ് ജീപ്പിൽ പോയിരുന്നു. അവിടെയെത്തിയപ്പോൾ വിദ്യാർത്ഥി സംഘട്ടനത്തിൽ ഏർപ്പെട്ട അഞ്ചോളം വിദ്യാർത്ഥികളെ സിഐ സാറും പാർട്ടിയും കസ്റ്റഡിയിലെടുക്കുകയും ആ സമയം അവരെ സ്റ്റേഷനിലെത്തിക്കാനുള്ള നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ഞാനും എ.എസ്.ഐ അമ്പാടിയും അവരെ സ്റ്റേഷനിലേക്ക് കൊണ്ടു വന്നു ബെഞ്ചിൽ ഇരുത്തിയിരുന്നു. സുമാർ 16.45 മണിയോടെ 2 എം.എസ്.എഫ് നേതാക്കന്മാർ സ്റ്റേഷനിലേക്ക് കയറി വന്ന് പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന കിഷോറിനോട് ബഹളം വെയ്ക്കുകയും ബലം പ്രയോഗിച്ച് തള്ളി അകത്തേക്ക് കയറി വരുന്നതും കണ്ടപ്പോൾ പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 2182 പ്രവീണും ജി.ഡി ചാർജ് ഡ്യൂട്ടിയിലുണ്ടായിരുന്ന സതീഷുമാർ സാറും കൂടി അവരെ തടഞ്ഞപ്പോൾ പ്രവീണിൻെറ ഷർട്ടിൻെറ ബട്ടൻസ് പൊട്ടിക്കുകയും ആ സമയം പുറത്തുനിന്നും അവരുടെ കുറേയാളുകൾ സ്റ്റേഷനിലേക്ക് കയറി വരികയും ചെയ്തു. സ്റ്റേഷനകത്തേക്ക് കൂടുതൽ പ്രവർത്തകർ കയറുന്നതിനാലും ജിഡി ചാർജ്ജിൻെറ പിറകിലായി പത്തോളം ആൾക്കാരെ ഇരുത്തിയിട്ടുള്ളതിനാലും സ്റ്റേഷനിലേക്ക് ആദ്യം ഇടിച്ചുകയറിവന്ന 2 ചെറുപ്പക്കാരെ സ്ഥലപരിമിതി മൂലം ലോക്കപ്പിലേക്ക് മാറ്റിയിരുന്നു. ഈ സമയം മുസ്ലീം ലീഗ് നേതാവായ അബ്ദുൾ റഹിമാൻെറ നേതൃത്വത്തിൽ മുസ്ലീം ലീഗ് പ്രവർത്തകർ സ്റ്റേഷനിലെത്തുകയും ബഹളം വെയ്ക്കുകയും മോശമായ രീതിയിൽ സംസാരിക്കുകയും ചെയ്തിരുന്നതിനാൽ അവരെ സ്റ്റേഷനിൽ നിന്നും പുറത്താക്കിയിരുന്നു ലോക്കപ്പിൽ നിർത്തിയ 2 പേരെയും കോളേജിൽ നിന്നും പിടിച്ചുകൊണ്ടു വന്ന വിദ്യാർത്ഥികളെയും ആരും തന്നെ ദേഹോപദ്രവം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല ഞാൻ ആരെയും ഉപദ്രവിക്കുകയോ ചീത്തവിളിക്കുകയോ ചെയ്തിട്ടില്ല. ടിയാന്മാർ സ്റ്റേഷനിൽ ബഹളം വെച്ച് തള്ളിക്കയറുവാൻ ശ്രമിച്ച സമയം ഞാനും സ്റ്റേഷനിൽ ഉണ്ടായിരുന്ന മറ്റ് പോലീസുകാരും അവരെ അതിൽ നിന്നും തടഞ്ഞിരുന്നു.

**കാസറഗോഡ് പോലീസ് സ്റ്റേഷൻ എ.എസ്.ഐ മോഹനൻ.വി എന്നയാളുടെ 09/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് 16.00 മണിയോടെ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും വിഡിയോ കോൺഫറൻസ് കഴിഞ്ഞ ശേഷം കാസറഗോഡ് പോലീസ് ഇൻസ്പെക്ടർ ശ്രീ അബ്ദുൾ റഹീം സാറിൻെറ ജീപ്പിൽ പോലീസ് സ്റ്റേഷനിൽ മടങ്ങിവരവെ കാസറഗോഡ് ബാങ്ക് റോഡിലുള്ള ബിവറേജ് കോർപ്പറേഷന് മുന്നിൽ മദ്യപിച്ച് ബഹളമുണ്ടാക്കിയ 2 പേരെയും കൊണ്ട് ഏകദേശം 16.30 മണിയോടെ സ്റ്റേഷനിലെത്തിയിരുന്നു. ആ സമയം ഗവ.ഹൈസ്കൂളിൽ നിന്നും മദ്യപിച്ച് ബഹളമുണ്ടാക്കിയ 3 കുട്ടികളും കാസറഗോഡ് ഗവ.കോളേജിൽ നിന്നും സംഘർഷമുണ്ടാക്കിയ 5 കുട്ടികളും ജി.ഡി ചാർജ്ജിൻെറ പിന്നിലായി ബെഞ്ചിലിരിക്കുന്നുണ്ടായിരുന്നു. 5 മിനിട്ടോളം സ്റ്റേഷനിൽ തങ്ങിയശേഷം ഞാൻ പുറത്തുപോയിരുന്നു. ഞാൻ സ്റ്റേഷനിലുള്ള സമയം ആരെയും സ്റ്റേഷനിൽ വെച്ച് മർദ്ദിക്കുന്നതായി കണ്ടിട്ടില്ല. ഞാനും ആരെയും മർദ്ദിച്ചിട്ടില്ല. കേസന്വേഷണം കഴിഞ്ഞു വന്നതിനുശേഷമാണ് പോലീസിൻെറ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് കേസ്സ് രജിസ്റ്റർ ചെയ്തതിനെപ്പറ്റി അറിയുന്നത്.

**കാസറഗോഡ് യൂത്ത് ലീഗ് ജില്ലാ പ്രസിഡൻറ് ശ്രീ.അഷ്റഫ് എടനീർ എന്നയാളുടെ 10/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ഏകദേശം ഉച്ചയ്ക്ക് ഏകദേശം 3 മണിയോടുകൂടി ഞാൻ തൃക്കരിപ്പൂരിലായിരുന്നപ്പോൾ എം.എസ്.എഫ് ജില്ലാ പ്രസിഡൻറ് ഫോണിൽ വിളിക്കുകയും കാസറഗോഡ് ഗവ.കോളേജിൽ നിന്നും എം.എസ്.എഫ് വിദ്യാർത്ഥികളെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയിട്ടുണ്ടെന്നും ആയതിനാൽ കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് വരണമെന്ന് പറയുകയും ചെയ്തു. ഞാനും മുസ്ലീം ലീഗ് കാസറഗോഡ് ജില്ലാ ട്രഷറർ എ.അബ്ദുൾ റഹിമാനും കാസറഗോഡ് പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ ലോക്കപ്പിനകത്ത് എം.എസ്.എഫ് ജില്ലാ പ്രസിഡൻറ് ആബീദ് ആറങ്ങാടിയെയും മണ്ഡലം പ്രസിഡൻറ് അനസ് എതിർത്തോടിനെയും കാണാനിടയായി. ആ സമയം ആബീദിൻെറ ഷർട്ട് കീറിയിട്ടുണ്ടായിരുന്നു. അനസ് ക്ഷീണിച്ചു ചുമരിൽ ചാരിക്കിടക്കുന്നുണ്ടായിരുന്നു. എം.എസ്.എഫ് നേതാക്കളെ ലോക്കപ്പിനകത്താക്കിയതെന്തിനാണെന്ന് ചോദിച്ചപ്പോൾ അത് ചോദിക്കാൻ നിങ്ങളാരാണെന്നും നിന്നെ പഠിപ്പിക്കുമെന്നും എ.എസ്.ഐ സതീഷ് പറയുകയും പിന്നീട് വളരെ മോശമായി സംസാരിക്കുകയും ചെയ്തു.

ഏതോ ഒരു പത്രപ്രവർത്തകൻ ഫോട്ടോ എടുത്തപ്പോൾ ബഹളം ഉണ്ടാകുകയും പിന്നീട് പല ആൾക്കാരും സ്റ്റേഷനിലേക്ക് കയറുകയും ചെയ്തു.

കുറച്ചുകഴിഞ്ഞപ്പോൾ സി.ഐ കയറിവരികയും ആദ്ദേഹത്തിൻെറ ഓഫീസിലേക്ക് പോകുകയും ചെയ്തു. ഞങ്ങൾ അദ്ദേഹത്തിൻെറ ഓഫീസിലേക്ക് പോയി വിവരം ധരിപ്പിച്ച് പുറത്തിറങ്ങിയപ്പോൾ കാസറഗോഡ് ഡി.വൈ.എസ്.പി കടന്നുവരികയും അദ്ദേഹത്തോട് കാര്യങ്ങൾ പറയുകയും ചെയ്തു. കുട്ടികളുടെ പേരിൽ കേസ് ഉണ്ടോ എന്ന് ഡി.വൈ.എസ്.പി ചോദിച്ചപ്പോൾ ഇല്ല എന്ന് സി.ഐ പറയുകയും എന്നാൽ കുട്ടികളെ വിട്ടുകൂടെ എന്ന് ഡി.വൈ.എസ്.പി ആരായുകയും ചെയ്തു. ഡി.വൈ.എസ്.പി യുടെ മുന്നിൽ നിന്നും എ.എസ്.ഐ സതീഷ് മോശമായി പെരുമാറി. ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ എം.എസ്.എഫിൻെറ 3 കുട്ടികൾ എം.എസ്.എഫി ൻെ മറ്റൊരു വിദ്യാർത്ഥിയായ അബൂബക്കർ സിദ്ധിഖിനെ പൊക്കി ക്കൊണ്ടുവരുന്നതാണ് കണ്ടത്. അബൂബക്കറിൻെറ കാലിന് പൊട്ടലുള്ളതായി അപ്പോഴാണ് അറിയുന്നത്. അബൂബക്കർ സിദ്ധിഖിന് കാൽ നിലത്തുകുത്താൻ പറ്റാത്തതിനാൽ ആംബുലൻസിൽ കയറ്റിയാണ് കാസറഗോഡ് ഗവ ഹോസ്പിറ്റലിൽ കൊണ്ടുപോയത്. സി.ഐ തല്ലിയത് കാരണമാണ് അബൂബക്കർ സിദ്ധിഖിൻെറ കാലിന് പൊട്ടലുണ്ടായതെന്ന് മറ്റു കുട്ടികൾ പറഞ്ഞു. സി.ഐ കുനിച്ചു നിർത്തി കൈമുട്ടുകൊണ്ട് പുറകി,ടിച്ചതായി അനസ് പറഞ്ഞു. ആബീദിനെ സി.ഐ തല്ലിയെന്ന് പറഞ്ഞു. സി.ഐ യാണ് ആബീദിനെ തള്ളി ലോക്കപ്പിലിട്ടതെന്നും പറഞ്ഞു.

**കാസറഗോഡ് മുസ്ലീം ലീഗ് ജില്ലാ മെമ്പറും എസ്.ടി.യു ദേശീയ സെക്രട്ടറിയുമായ എ.അബ്ദുൾ റഹിമാൻ എന്നയാളുടെ 10/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് തൃക്കരിപ്പൂരിൽ ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന സമയത്ത് എൻെറ കൂടെയുണ്ടായിരുന്ന മുസ്ലീം യൂത്ത് ലീഗ് ജില്ലാ പ്രസിഡൻറ് അഷ്റഫ് എടനീറിന് എം.എസ്.എഫ് ജില്ലാ പ്രസിഡൻറ് ആബീദ് ആറങ്ങാടിയുടെ ഫോൺ വരികയും കാസറഗോഡ് ഗവ.കോളേജിൽ നിന്നും എം.എസ്.എഫ് പ്രവർത്തകരെ പോലീസ് പിടിച്ചുകൊണ്ടുപോയതായി പറയുകയും ചെയ്തു. കുറച്ചുകഴിഞ്ഞപ്പോൾ എം.എസ്.എഫ് മണ്ഡലം ജനറൽ സെക്രട്ടറി നവാസ് കുഞ്ചാർ ആബീദിനെയും അനസിനെയും പോലീസ് തല്ലി ലോക്കപ്പിലിട്ടു എന്നു പറഞ്ഞപ്പോൾ ഞങ്ങൾ നേരെ സ്റ്റേഷനിലോട്ട് പോയി. ലോക്കപ്പിനകത്ത് ആബീദ് നിൽക്കുന്നതായും

അനസ് ചാരിനിൽക്കുന്നതായും കണ്ടു. എന്തിനാണ് ഇവരെ ലോക്കപ്പിലിട്ടതെന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന എ.എസ്.ഐ സതീശനോട് ചോദിച്ചപ്പോൾ ഞങ്ങളുടെ സൌകര്യത്തിനനുസരിച്ച് ചെയ്യുമെന്നും ഇത് നിങ്ങളുടെ പാർട്ടി ഓഫീസല്ലെന്ന് പറയുകയും വളരെ മോശമായ പദപ്രയോഗങ്ങൾ ഉപയോഗിച്ച് അസഭ്യം പറയുകയും സ്റ്റേഷനിൽ നിന്നും പുറത്തേക്ക് തള്ളുകയും ചെയ്തു. പുറത്തിറങ്ങിയ ഞാൻ ഡി.വൈ.എസ്.പി യുമായി ബന്ധപ്പെട്ട് വിവരം ധരിപ്പിച്ചപ്പോൾ സിഐ യെ അങ്ങോട്ടുപറഞ്ഞയക്കാമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ നേരിൽ വന്ന് കാര്യങ്ങൾ മനസ്സിലാക്കണമെന്ന് അഭ്യർത്ഥിച്ചു. 10 മിനിട്ട് കഴിഞ്ഞപ്പോൾ സി.ഐ കയറിവരികയും ആദ്ദേഹത്തിന്റെ ഓഫീസിലേക്ക് പോകുകയും ചെയ്തു. ഞങ്ങൾ അദ്ദേഹത്തിന്റെ ഓഫീസിലേക്ക് പോയി പോലീസ് മർദ്ദനത്തെക്കുറിച്ച് അരമണിക്കൂർ സംസാരിച്ചെങ്കിലും അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ കാസറഗോഡ് ഡിവൈ.എസ്.പി കടന്നുവരികയും അദ്ദേഹത്തോട് കാര്യങ്ങൾ പറയുകയും ചെയ്തു. കുട്ടികളുടെ പേരിൽ കേസ് ഉണ്ടോ എന്ന് ഡി.വൈ.എസ്.പി ചോദിച്ചപ്പോൾ ഇല്ല എന്ന് സി.ഐ പറയുകയും എന്നാൽ കുട്ടികളെ വിട്ടുകൂടെ എന്ന് ഡിവൈ.എസ്.പി ആരായുകയും ചെയ്തു. കോളേജിൽ നിന്നും പിടിക്കൂടിയ 4 എം.എസ്.എഫ് പ്രവർത്തകരെയും ആബീദ്, അനസ് എന്നിവരെയും പോലീസ് വിട്ടയച്ചു. അവർ പുറത്തിറങ്ങി വരുമ്പോഴാണ് നാലഞ്ച് ആൾക്കാർ അബൂബക്കർ സിദ്ധിഖ് എന്ന വിദ്യാർത്ഥിയെ താങ്ങിപ്പിടിച്ചുക്കൊണ്ടുവരുന്നത് കണ്ടത്. കാറിൽ കയറ്റാൻ ശ്രമിച്ചപ്പോൾ വിദ്യാർത്ഥിക്ക് കാൽ നിലത്തുകുത്താൻ കഴിയാത്തതിനാൽ ആംബുലൻസിൽ കയറ്റിയാണ് ടിയാനെ കാസറഗോഡ് ഗവ ഹോസ്പിറ്റലിൽ കൊണ്ടുപോയത്. ഗവ.കോളേജിൽ നിന്നും കസ്റ്റഡിയിലെടുത്ത നാലു പേരെയും മർദ്ദിക്കുകയും അബൂബക്കർ സിദ്ധിഖിനെ ഫോട്ടോ കാണിച്ച് ഭീകരവാദിയോണോ തീവ്രവാദിയാണോ എന്ന് ചോദിച്ച് കാൽമുട്ടിൽ കയറി ചവിട്ടുകയും കാൽപാദങ്ങളിൽ അടിക്കുകയും മൂന്നാംമുറ പ്രയോഗിക്കുകയും ടിയാനെ മലർത്തികിടത്തി കാൽവെള്ളയിൽ ചൂരൽ കൊണ്ടടിക്കുകയും ചെയ്തു. ആബീദിനെയും, അനസിനെയും ലോക്കപ്പിലിട്ട് തല്ലിയതും അതിനുശേഷം ലോക്കപ്പ് പൂട്ടി പുറത്ത് പോയതും സിഐ യാണ്. ആരുടെയും പരാതിയില്ലാതെയാണ് കുട്ടികളെ കൊണ്ടുപോയത്. , ആരുടെയും പരാതിയില്ലാത്തതിനാലാണ് കുട്ടികളെ വെറുതെ വിട്ടത്. എം.എസ്.എഫ് പ്രവർത്തകരെ അകാരണമായിട്ടാണ് മർദ്ദിച്ചത്. പിടിയിലായ നാലുപേരുടെയും പേരിൽ സി.ഐ യുടെ ഡ്രൈവറുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നതിന്റെ പേരിലും പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിഎന്നതിന്റെ പേരിൽ ആബീദ് ആറങ്ങാടിയുടെയും. അനസ്

എതിർത്തോടിൻെറയും പേരിൽ പിന്നീട് കേസെടുത്തു. വിദ്യാർത്ഥികളെയും നേതാക്കളെയും സ്റ്റേഷനിൽ നിന്നും പറഞ്ഞയച്ചതിനുശേഷമാണ് മേൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത്. ഇതിൻെറ പേരിൽ വ്യക്തമായ ഗൂഢാലോചനയുള്ളതായി മനസ്സിലാക്കുന്നു.

**എം.എസ്.എഫ് കാസറഗോഡ് ജില്ലാ പ്രസിഡൻറ് ശ്രീ.ആബിദ് അറങ്ങാടി എന്നയാളുടെ 10/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് മീറ്റിംഗുമായി ബന്ധപ്പെട്ട് കാസറഗോഡ് വരുന്ന സമയത്ത് ഏകദേശം 3 മണിയോടെ കാസറഗോഡ് ഗവ.കോളേജിലെ എം.എസ്.എഫ് പ്രവർത്തകൻ ശ്രീ.ബിലാൽ ഫോണിൽ വിളിച്ച് കാസറഗോഡ് ഗവ.കോളേജിൽ നിന്നും നാല് എം.എസ്.എഫ് പ്രവർത്തകരെ ക്ലാസ്സിൽ കയറി സി.ഐ യുടെ നേതൃത്വത്തിൽ സ്റ്റേഷനിലേക്ക് കൊണ്ടുപോയതായി പറഞ്ഞു. കാസറഗോഡ് എത്തിയതിന് ശേഷം ഞാനും കാസറഗോഡ് മണ്ഡലം പ്രസിഡൻറ് അനസ് എതിർത്തോടും മണ്ഡലം ജനറൽ സെക്രട്ടറി നവാസ് കുഞ്ചാറും കാസറഗോഡ് പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ പോലീസ് പിടികൂടിയ 4 എം.എസ്.എഫ് പ്രവർത്തകരിൽ 3 പേരെ മാത്രമാണ് കാണാൻ കഴിഞ്ഞത്. പോലീസ് കൺട്രോൾ റൂമിൽ നിന്നും ഒരാളുടെ നിലവിളിയും പോലീസ് ചീത്തപറയുന്നതും അടിക്കുന്ന ശബ്ദവും കേട്ടു. പോലീസ് മാറ്റി നിർത്തിയത് അബൂബക്കർ സിദ്ധിഖിനെയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ടിയാനെ 3 എം.എസ്.എഫ് പ്രവർത്തകർ നിൽക്കുന്ന സ്ഥലത്തേക്ക് കൊണ്ടുവന്നു. അബൂബക്കർ സിദ്ധിഖിന് നടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. സി.ഐ യും കുറച്ച് പോലീസുകാരും സ്റ്റേഷനിലേക്ക് വരികയും അബൂബക്കർ സിദ്ധിഖിനെ കൂട്ടത്തോടെ അടിക്കാനും ചവിട്ടാനും തുടങ്ങുകയും സിഐ അവൻെറ കാലിൽ ചവിട്ടിക്കൊണ്ട് കാൽപാദങ്ങളിൽ അടിക്കുന്നുമുണ്ടായിരുന്നു. പരാതിയോ വാറണ്ടോ ഇല്ലാതെ ടിയാനെ അടിക്കരുതെന്ന് പറഞ്ഞപ്പോൾ സി.ഐ യും എ.എസ്.ഐ യും മറ്റു പോലീസുകാരും എൻെറ അടുത്തേക്ക് വരികയും എന്നെ കൂട്ടത്തോടെ അടിക്കാനും ചവിട്ടാനും തുടങ്ങുകയും എൻെറ ഫോൺ പിടിച്ചുവാങ്ങി എറിഞ്ഞുപൊളിക്കുകയും ചെയ്തു. സി.ഐ എന്നെ പിടിച്ചുവലിച്ച് ലോക്കപ്പിലിടുകയും എൻെറ ഷർട്ട് കീറുകയും എന്നോട് ഡ്രസ്സ് ഊരിമാറ്റാൻ പറയുകയും ചെയ്തു. ആ സമയത്ത് ഇ-വിഷൻ ഓൺലൈൻ മാധ്യമപ്രവർത്തകനായ റഫീഖ് എൻെറയും ലോക്കപ്പിലുള്ള അനസിൻെറയും ദൃശ്യങ്ങൾ പകർത്താൻ ശ്രമിച്ചപ്പോൾ പോലീസുമായി വാക് തർക്കമുണ്ടാകുകയും ടിയാനെ പോലീസ് തള്ളിപ്പുറത്താക്കുകയും ചെയ്തു. അനസിനെയും പോലീസ് ക്രൂരമായി മർദ്ദിച്ചിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ മുസ്ലീം ലീഗ് നേതാക്കളായ

എം.അബ്ദുൾ റഹിമാൻ, അഷ്റഫ് എടനീർ, ടി.ഡി കബീർ എന്നിവർ സ്റ്റേഷനിലേക്ക് വന്ന് മർദ്ദിച്ചത് എന്തിനാണെന്ന് ചോദിച്ചപ്പോൾ അവരെ പോലീസുകാർ ചീത്ത പറഞ്ഞ് തള്ളിപ്പുറത്താക്കി. ആ സമയത്ത് പുറത്ത് ബഹളം നടക്കുന്നുണ്ടായിരുന്നു. വൈകുന്നേരം ഉദ്ദേശം 6 മണിയോടുകൂടി എന്നെ സ്റ്റേഷനിൽ നിന്നും വിട്ടയക്കുകയും ശാരീരിക വേദന മൂലം ആദ്യം കാസറഗോഡ് ഗവ.ജനറൽ ഹോസ്പിറ്റലിൽ ചികിത്സ തേടുകയും തുടർന്ന് കെയർവെൽ ഹോസ്പിറ്റലിലേക്ക് മാറുകയും ചെയ്തു. സി.ഐ യും എ.എസ്.ഐ യുമാണ് എന്നെ ക്രൂരമായി മർദ്ദിച്ചത്. മർദ്ദിക്കുന്നതിനുള്ള ഒരു പ്രകോപനവും ഞങ്ങളുടെ ഭാഗത്തു നിന്നോ പ്രവർത്തകരുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല. സ്റ്റേഷനിൽ അതിക്രമിച്ചു കയറി പോലീസുകാരെ ആക്രമിച്ചതിന്റെ അടിസ്ഥാനത്തിൽ എന്നെയും അനസിനെയും ഉൾപ്പെടുത്തി കേസ്സെടുത്തിട്ടുണ്ട്. ജാമ്യം പോലും ആവശ്യമില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഞങ്ങളെ വിട്ടയച്ചത്. ഞങ്ങളുടെ പേരിൽ കേസെടുക്കുന്നതിന് വേണ്ടി ഷർട്ടിന്റെ ബട്ടൻസ് പൊട്ടിക്കുവാൻ എ.എസ്.ഐ സതീഷ് കിഷോർ എന്ന പോലീസുകാരനോട് പറയുന്നുണ്ടായിരുന്നു. പോലീസ് എന്റെ പേഴ്സ് പിടിച്ചുവാങ്ങിയിരുന്നു.

**എം.എസ്.എഫ് കാസറഗോഡ് മണ്ഡലം പ്രസിഡൻറ് ശ്രീ.അനസ് എതിർത്തോട് എന്നയാളുടെ 10/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഞാൻ അണങ്കൂരിലുള്ള "ഡിസൈൻ വ്യു" എന്ന സ്ഥാപനത്തിലിരിക്കുമ്പോൾ ഏകദേശം 3 മണിയോടെ എം.എസ്.എഫിന്റെ ചെങ്കള പഞ്ചായത്ത് ജനറൽ സെക്രട്ടറി മുർഷീദ് മുഹമ്മദ് എന്നെ വിളിച്ച് കാസറഗോഡ് ഗവ.കോളേജിൽ നിന്നും എം.എസ്.എഫ് പ്രവർത്തകരെ പോലീസുകാർ കൊണ്ടുപോയതായി പറഞ്ഞു. അന്നേ ദിവസം ഞാൻ മംഗലാപുരം എയർപോട്ടിൽ പോകാൻ തയ്യാറായിരുന്നതാണ്. ഞാനും എം.എസ്.എഫ് ജില്ലാ പ്രസിഡൻറ് ആബിദ് ആറങ്ങാടിയും കാസറഗോഡ് മണ്ഡലം ജനറൽ സെക്രട്ടറി നവാസ് കുഞ്ചാറും സ്റ്റേഷനിലെത്തിയപ്പോൾ 3 എം.എസ്.എഫ് പ്രവർത്തകർ നിൽക്കുന്നതായി കണ്ടു. പോലീസ് പിടികൂടിയവരിലൊരാളായ സാഹിദ് 4 പേരെ കൊണ്ടുവന്നിട്ടുണ്ടെന്നും 3 പേരെ ഇപ്പോൾ ഇവിടെയുള്ളുവെന്നും ആംഗ്യഭാഷയിൽ പറഞ്ഞു. അകത്തു നിന്നും അപ്പോൾ അബൂബക്കർ സിദ്ധിഖിന്റെ ശബ്ദവും പോലീസുകാരുടെ ശബ്ദവും കേൾക്കുന്നുണ്ടായിരുന്നു. ഞങ്ങളെ ആ ഭാഗത്തേക്ക് സമീപിക്കുവാൻ അനുവദിച്ചില്ല. ആ സമയം അവിടെ ചില വാക് തർക്കങ്ങളുണ്ടായി.

കുറച്ചുകഴിഞ്ഞപ്പോൾ സി.ഐ വന്നു. അബൂബക്കറിനെ പുറത്തുകൊണ്ടു വന്നപ്പോൾ അവന് നടക്കാൻ പോലും കഴിയുന്നുണ്ടായിരുന്നില്ല. സി.ഐ അബൂബക്കറിന്റെ കാലിൽ ചവിട്ടി കാൽപാദങ്ങളിൽ അടിച്ചതായി പറഞ്ഞു തുടർന്ന് അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ എന്നെയും ആബിദിനെയും മർദ്ദിച്ചു. സി.ഐ എന്റെ കോളറിൽ പിടിച്ചുവലിച്ച് സ്റ്റേഷന്റെ മുൻവശത്തുള്ള ഗ്രില്ലിലേക്കെറിയുകയും എന്നെ ചവിട്ടുകയും ചെയ്തു. ആ സമയം മറ്റു പോലീസുകാർ ആബിദിനെ ലോക്കപ്പിന് മുന്നിലിട്ട് മർദ്ദിക്കുന്നുണ്ടായിരുന്നു. ഞാൻ അങ്ങോട്ട് ചെന്നപ്പോൾ മഫ്ടിയിലുണ്ടായിരുന്ന ഒരു പോലീസുകാരൻ കൈമുട്ടുകൊണ്ട് എന്റെ തലയ്ക്കടിക്കുകയും പിന്നീട് സി.ഐ വന്ന് ഞങ്ങൾ 2 പേരെയും ലോക്കപ്പിലിടുകയും ചെയ്തു. ആ സമയം ആബിദിന്റെ ഷർട്ട് കീറിയിട്ടുണ്ടായിരുന്നു. ഒരാൾ വന്ന് എന്റെ ഡ്രസ്സ് ഊരിമാറ്റാൻ ശ്രമിച്ചു. എന്റെ 2 ഫോണും പോലീസുകാർ എടുത്തുകൊണ്ടുപോയി. പുറത്തു നിന്നും പോലീസുകാർ ചീത്തപറയുന്നുണ്ടായിരുന്നു. ആ സമയത്ത് ഇ-വിഷൻ ഓൺലൈൻ മാധ്യമപ്രവർത്തകനായ റഫീഖ് എന്റെയും ലോക്കപ്പിലുള്ള അനസിന്റെയും ദൃശ്യങ്ങൾ പകർത്താൻ ശ്രമിച്ചപ്പോൾ ടിയാനെ പോലീസ് തള്ളിപുറത്താക്കി. മുസ്ലീം ലീഗ് നേതാക്കളായ എ.അബ്ദുൾ റഹിമാൻ, അഷ്റഫ് എടനീർ, ടി.ഡി കബീർ എന്നിവർ സ്റ്റേഷനിലേക്ക് കടന്നുവരികയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. എ.എസ്.ഐ സതീഷ് സാർ മേൽ പ്രവർത്തകരെ തള്ളിപുറത്താക്കി. വൈകുന്നേരം ഉദ്ദേശം 6 മണിയോടുകൂടി ഞങ്ങളെ സ്റ്റേഷനിൽ നിന്നും പറഞ്ഞുവിട്ടു. ഞാൻ കാസറഗോഡ് ഗവ.ജനറൽ ഹോസ്പിറ്റലിൽ ചികിത്സ തേടുകയും പിന്നീട് കെയർവെൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന അബൂബക്കർ സിദ്ധിഖിനെ കാണാൻ പോകുകയും ചെയ്തു. അബൂബക്കർ സിദ്ധിഖിന് കാൽ നിലത്തുകുത്താൻ പറ്റാത്തതിനാൽ ആംബുലൻസിൽ കയറ്റിയാണ് ടിയാനെ കാസറഗോഡ് ഗവ ഹോസ്പിറ്റലിൽ കൊണ്ടുപോയത്. സി.ഐ ഞങ്ങളോട് ഒന്നും ചോദിച്ചിട്ടില്ല.

**കാസറഗോഡ് ജി.എച്ച്.എസ്.എസ് പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീ.വിപിൻ എന്നയാളുടെ 11/03/2017 ലെ സ്റ്റേറ്റ്മെന്റ്**

2017 ഫെബ്രുവരി 28 ന് ഉദ്ദേശം മൂന്ന് മൂന്നര മണിയോടെ ഞങ്ങളുടെ സ്കൂളിലെ ഹരിദാസ് മാഷ് വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് പോലീസ് ഞങ്ങളെ സ്റ്റേഷനിലേക്ക് കൊണ്ടുപോയിരുന്നു.. ഉദ്ദേശം 4 മണിയോടു കൂടി ഞങ്ങൾ സ്റ്റേഷനിലെത്തി. ഞങ്ങൾ സ്റ്റേഷനിലെത്തുമ്പോൾ കാസറഗോഡ് ഗവ.കോളേജിൽ നിന്നും കൊണ്ടു വന്ന കുട്ടികളിൽ ഒരാൾ കരയുന്നുണ്ടായിരുന്നു. മറ്റുള്ളവർ അവിടെ നിൽക്കുന്നുണ്ടായിരുന്നു. ലാത്തികൊണ്ട് അയാളുടെ

കാൽപാദങ്ങളിൽ അടിക്കുന്നത് കണ്ടിരുന്നു. അതിന് ശേഷം പുറത്തു നിന്നുവന്ന കുറേയാളുകൾ അവിടെ ശബ്ദമുണ്ടാക്കുന്നുണ്ടായിരുന്നു. മേൽ കുട്ടികളുടെ കാലിൻെറ അടിയിൽ ലാത്തികൊണ്ട് അടിക്കുന്നുണ്ടായിരുന്നു. പിന്നീട് വേറെ സംഭവങ്ങളൊന്നുമുണ്ടായിരുന്നില്ല. കോളേജ് വിദ്യാർത്ഥികളെ പിന്നീട് പറഞ്ഞു വിട്ടു.

**കാസറഗോഡ് ജി.എച്ച്.എസ്.എസ് പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീ.ശരത് എന്നയാളുടെ 11/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഞങ്ങളുടെ സ്കൂളിലെ ഹരിദാസ് മാഷ് വിളിച്ചു പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ കാസറഗോഡ് പോലീസ് ഞങ്ങളെ സ്റ്റേഷനിലേക്ക് കൊണ്ടുപോയിരുന്നു. ഉദ്ദേശം 4 മണിയോട്ടു കൂടി ഞങ്ങൾ സ്റ്റേഷനിലെത്തിയിരുന്നു. ഞങ്ങൾ സ്റ്റേഷനിലെത്തുമ്പോൾ കാസറഗോഡ് ഗവ.കോളേജിൽ നിന്നുള്ള 7 പേർ അവിടെയുണ്ടായിരുന്നു. കൂടാതെ വേറെ 2 പേർ കൂടിയുണ്ടായിരുന്നു. സ്റ്റേഷൻെറ പുറത്തു നിന്നും പാർട്ടി പ്രവർത്തകർ മുദ്രാവാക്യം വിളിക്കുന്നത് കണ്ടിരുന്നു. അവരിൽ 2 പേർ സ്റ്റേഷനകത്തേക്ക് കയറി പോലീസുകാരുമായി വാക് തർക്കവും അടിയുമായി. 6 മണിയോട്ടു കൂടി ഞങ്ങളെ പോലുള്ള 2 കുട്ടികൾ തല പൊട്ടി വരുന്നത് കണ്ടിരുന്നു. അവർ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ തിരിച്ചു വരുമ്പോഴും അവർ അവിടെയുണ്ടായിരുന്നു പോലീസ് കോളേജിലെ കുട്ടികളുടെ കാലിൽ ലാത്തിക്കൊണ്ടടിക്കുന്നുണ്ടായിരുന്നു. പുറത്തു നിന്നും വന്നവർ അപ്പോൾ സമരം വിളിക്കുന്നുണ്ടായിരുന്നു. കോളേജിലെ കുട്ടികളെ 6 മണിയോടെ വിട്ടയച്ചിരുന്നു. ഞങ്ങളെ രാത്രി 9 മണിയോട്ടുകൂടി പറഞ്ഞു വിട്ടു. മറ്റൊന്നും ഞാൻ കണ്ടിട്ടില്ല

**കാസറഗോഡ് ജി.എച്ച്.എസ്.എസ് പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീ.ജയസൂര്യ എന്നയാളുടെ 11/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഉദ്ദേശം മൂന്നര മണിയോടെ ഞങ്ങൾ 3 പേരെ കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയിരുന്നു. ആ സമയം 8 കോളേജ് വിദ്യാർത്ഥികളെ സ്റ്റേഷനിലേക്ക് കൊണ്ടു വന്നിരുന്നു.കോളേജ് കുട്ടികളുടെ കാൽപാദങ്ങളിൽ ലാത്തിക്കൊണ്ടടിക്കുന്നുണ്ടായിരുന്നു. ആ സമയം കോളേജ് കുട്ടികളുടെ പാർട്ടിക്കാർ വരികയും പോലീസുകാരുമായി ഉന്തും തള്ളുംഉണ്ടാകുകയും ചെയ്തു. കോളേജിലെ കുട്ടികളെ 6 മണിയോട്ടുകൂടി വിട്ടയച്ചിരുന്നു. ഞങ്ങളെ രാത്രി 9 മണിയോട്ടുകൂടി പറഞ്ഞു വിട്ടു. മറ്റൊന്നും ഞാൻ കണ്ടിട്ടില്ല

**കാസറഗോഡ് പോലീസ് ഇൻസ്പെക്ടർ ശ്രീ.അബ്ദുൾ റഹീം എന്നയാളുടെ 13/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഞാൻ പോലീസ് വാഹനത്തിൽ 14.00 മണി സമയത്ത് എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് പോകുമ്പോൾ അണങ്കൂരിൽ എത്തിയ സമയം കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ ചേരി തിരിഞ്ഞ് സംഘട്ടനം നടത്തുന്നതായി വിവരം കിട്ടിയതിൻെറ അടിസ്ഥാനത്തിൽ ഞാൻ കോളേജിലെത്തി പോലീസ് വാഹനം കണ്ടയുടനെ വിദ്യാർത്ഥികൾ ചിതറിയോടുകയും ഞങ്ങൾ അവരുടെ പിന്നാലെ ഓടുകയും ചെയ്തു. കാൻറീനടുത്തുകൂടെ ഞങ്ങൾ ഓടി മതിലിനടുത്തെത്തിയപ്പോൾ മതിൽ ചാടിക്കടക്കാൻ ശ്രമിക്കുന്ന ഒരാളെ എൻെറ ഡ്രൈവർ സി.പി.ഒ 2582 തോമസ് പിടികൂടാൻ ശ്രമിക്കുന്നതിനിടയിൽ മറ്റ് 3 പേർ ചേർന്ന് തോമസിനെ കടന്ന് പിടിക്കുന്നത് കണ്ട് ഞാനും മറ്റും പോലീസുകാരും ചേർന്ന് അവരെ പിടികൂടുകയും പിടികൂടിയ വിദ്യാർത്ഥികളെ എ.എസ്.ഐ അമ്പാടിയെ ഏൽപ്പിക്കുകയും ചെയ്തു. കുറച്ചുസമയം കോളേജിൽ തങ്ങിയശേഷം ഞാൻ എസ്.പി ഓഫീസിൽ നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കുന്നതിന് പോയി. വൈകുന്നേരം സുമാർ 16.45 മണിയോടെ എം.എസ്.എഫ് നേതാക്കളും മറ്റും സ്റ്റേഷനിൽ വന്ന് കുഴപ്പമുണ്ടാക്കുന്നുണ്ടെന്ന വിവരം ഫോൺ മുഖാന്തിരം കിട്ടിയതിൻെറ അടിസ്ഥാനത്തിൽ ഞാൻ സ്റ്റേഷനിലെത്തിയപ്പോൾ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന കിഷോർ, പ്രവീൺ എന്നിവരെ എം.എസ്.എഫ് പ്രവർത്തകർ പിടിച്ചുവലിക്കുന്നതായി കണ്ടപ്പോൾ ഞാനും മറ്റ് പോലീസുകാരും അവരെ അവിടെ നിന്നും നീക്കുകയും എം.എസ്.എഫ് / ലീഗ് നേതാക്കളെ എൻെറ ഓഫീസിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. എം.എസ്.എഫ് / ലീഗ് നേതാക്കൾ ഓഫീസിൽ നിന്നും ഇറങ്ങിപ്പോകുന്നതിനിടെ ഡി.വൈ.എസ്.പി സാർ വരികയും അവരോട് സംസാരിച്ചതിൻെറ അടിസ്ഥാനത്തിൽ കോളേജിൽ നിന്നും പിടിച്ചുകൊണ്ടുവന്ന വിദ്യാർത്ഥികളെ വിട്ടയച്ചിട്ടുള്ളതുമാണ്.

**കാസറഗോഡ് എ.എസ്.ഐ ശ്രീ.കെ.ആർ അമ്പാടി എന്നയാളുടെ 13/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഞാൻ കാസറഗോഡ് പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടിയിലിരിക്കെ 14.00 മണിയോടെ കാസറഗോഡ് പോലീസ് ഇൻസ്പെക്ടർ ഫോണിൽ വിളിച്ച് കാസറഗോഡ് ഗവ.കോളേജിൽ വിദ്യാർത്ഥികൾ സംഘർഷം

ഉണ്ടാക്കുന്നതായും പെട്ടെന്ന് പോലീസ് പാർട്ടിയുമായി സ്ഥലത്ത് എത്തണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സി.പി.ഒ 1852 പ്രദീപൻ, സി.പി.ഒ 2111 സതീശൻ എന്നിവരോടൊന്നിച്ച് പോലീസ് ജീപ്പിൽ ഗവ.കോളേജിൽ എത്തി. കോളേജിന്റെ മുൻവശം ഗ്രൗണ്ടിൽ വെച്ച് 14.30 മണിയോടെ സംഘർഷത്തിൽ ഏർപ്പെട്ട അബൂബക്കർ സിദ്ധിഖ്, മുനവർ സാഹിദ്, മുഹമ്മദ് അഷ്ഫാക്ക്, അൻസാർ സൽമാൻ, വിഷ്ണു.പി എന്നീ വിദ്യാർത്ഥികളെ നിർദ്ദേശപ്രകാരം കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും 15.20 മണിയോടെ ഞങ്ങൾ സ്റ്റേഷനിലെത്തുകയും ചെയ്തു. ഞാൻ ബഹു.ജില്ലാ കളക്ടറുടെ കോൺഫറൻസിൽ ഉണ്ടെന്നും കോളേജിൽ ഇരുവിഭാഗങ്ങളിലും പ്പെട്ട വിദ്യാർത്ഥികളും കുഴപ്പമുണ്ടാക്കാൻ സാധ്യതയുണ്ടെന്നും സി.ഐ സാർ വയർലെസിലും ഫോൺ മുഖാന്തിരവും വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 16.30 മണിയോടെ ഞാൻ കാസറഗോഡ് ഗവ.കോളേജിൽ പോയിട്ടുള്ളതും അപ്പോൾ കോളേജിലെ കുഴപ്പം കാരണം കോളേജ് പ്രിൻസിപ്പാൾ കോളേജിലെ വിദ്യർത്ഥികളെ വിടാൻ നിർദ്ദേശം കൊടുത്തത് പ്രകാരം വിദ്യർത്ഥികൾ കോളേജിൽ നിന്നും ക്ലാസ്സ് മുറികൾ വിട്ട് പുറത്തേക്ക് പോകുന്നതായും കാണപ്പെട്ടു. കോളേജിൽ പിന്നീട് എന്ന് മറ്റ് പ്രശ്നങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

**കാസറഗോഡ് ഗവ.കോളേജ് മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.ഷിബുകുമാർ.പി.എൽ എന്നയാളുടെ 14/03/2017 ലെ സ്റ്റേറ്റ്മെന്റ്**

2017 ഫെബ്രുവരി 28 ന് കാസറഗോഡ് ഗവ.കോളേജിൽ തുടർച്ചയായി 4 ഉം 5 ഉം ഔർ മലായാളം രണ്ടാം വർഷ ക്ലാസ്സ് ഞാൻ കൈകാര്യം ചെയ്തിരുന്നു. അന്നേ ദിവസം നാലാമത്ത ഔറിൽ ശ്രീ.അബൂബക്കർ സിദ്ധിഖ് എന്ന വിദ്യാർത്ഥി ക്ലാസ്സിൽ ഹാജരായിരുന്നില്ല. അബൂബക്കർ സിദ്ധിഖിനെ പോലീസ് കസ്റ്റഡിയിലെടുത്തത് ഞാൻ അറിഞ്ഞിരുന്നില്ല. അന്നേ ദിവസം കോളേജിലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് കുറച്ചു കുട്ടികളെ പോലീസ് കസ്റ്റഡിയിലെടുത്തു എന്ന് പറഞ്ഞു കേട്ടുവെങ്കിലും ഏതേത് കുട്ടികളെയാണ് കസ്റ്റഡിയിലെടുത്തത് എന്നറിയുന്നത് അന്ന് വൈകുന്നേരത്തോടുകൂടിയാണ്. ഉദ്ദേശം വൈകുന്നേരം 6 മണിയോടുകൂടിയാണ് ശ്രീ.അബൂബക്കർ സിദ്ധിഖിനെ കസ്റ്റഡിയിലെടുത്ത വിവരം അറിയുന്നത്. ടി വിവരം അറിഞ്ഞതിനെ തുടർന്ന് രാത്രി കെയർവെൽ ആശുപത്രിയിൽ അഡ്മിറ്റായിരുന്ന ടിയാനെ കാണാൻ ഞാൻ പോയിരുന്നു. കോളേജിലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളൊന്നും എനിക്കറിവുള്ളതല്ല.

**കാസറഗോഡ് ഗവ.കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് മേധാവിയായ ശ്രീമതി. സിനി എബ്രഹാം എന്നയാളുടെ 14/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 27 ന് കാസറഗോഡ് ഗവ.കോളേജിൽ ആർട്സ് ഫെസ്റ്റിവലിനോടനുബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കിടയിൽ ചെറിയ തോതിലുള്ള സംഘർഷമുണ്ടായിരുന്നു. 2017 ഫെബ്രുവരി 28 ന് കോളേജിൽ സമാധാനാന്തരീക്ഷം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിന് പ്രിൻസിപ്പാളുടെ റൂമിൽ ഞാനും പ്രിൻസിപ്പാളും തമ്മിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ കോളേജിൽ സംഘർഷം നടക്കുന്നതായി അറിഞ്ഞു. അപ്പോൾ ഉദ്ദേശം 2 മണിയായിരുന്നു. കോളേജിലെ അച്ചടക്ക കമ്മിറ്റിയുടെ കൺവീനർ കൂടിയാണ് ഞാൻ. ബഹളം കേട്ട് ഞങ്ങൾ അധ്യാപകർ അങ്ങോട്ടുപോയി. അല്പസമയത്തിനുള്ളിൽ ക്യാംപസിൽ പോലീസെത്തുകയും പോലീസിനെ കണ്ടയുടൻ കുട്ടികൾ ചിതറിയോടുകയും ചെയ്തു. ക്യാംപസിനുള്ളിൽ പോലീസ് ജിപ്പ് കിടക്കുന്നത് കണ്ടെങ്കിലും ആരെയെങ്കിലും കസ്റ്റഡിയിലെടുത്തതായി ആ സമയത്ത് അറിഞ്ഞില്ല. കുറച്ച് കുട്ടികളെ കസ്റ്റഡിയിലെടുത്തതായും ആയതിൽ ശ്രീഅബൂബക്കർ സിദ്ധിഖ് കൂടിയുൾപ്പെട്ടിട്ടുള്ളതായും അന്ന് രാത്രി ഉദ്ദേശം 7 മണിയോടുകൂടിയാണ് ഞാൻ അറിയുന്നത്. കോളേജിലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളൊന്നും എനിക്കറിയില്ല.

**കാസറഗോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.എം.വി.സുധാകരൻ എന്നയാളുടെ 16/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് വൈകുന്നേരം 05.30 മണിയോടെ മുസ്ലീം ലീഗ് നേതാക്കൾ വന്ന് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ ബഹളം വെയ്ക്കുന്നുണ്ടെന്ന് ഫോണിൽ കൂടി അറിഞ്ഞതനുസരിച്ച് ഞാൻ കാസറഗോഡ് പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ തൊട്ടടുത്തുള്ള സർക്കിൾ ഓഫീസിൻെറ മുന്നിലായി മുസ്ലീം നേതാക്കളായ അബ്ദുൾ റഹിമാൻ, അഷ്റഫ് തുടങ്ങി പത്തോളം പേരും സി.ഐ യും അവിടെ നിൽക്കുന്നതായി കണ്ടു. എം.എസ്.എഫിൻെറ ജില്ലാ നേതാക്കളെ പോലീസ് സ്റ്റേഷനിൽ വെച്ച് അടിച്ചതായി ലീഗ് നേതാവ് അബ്ദുൾ റഹിമാൻ പറഞ്ഞു. സി.ഐ യോട് കാര്യമന്വേഷിച്ചപ്പോൾ കാസറഗോഡ് ഗവ.കോളേജിൽ നിന്നും അന്നേ ദിവസം ഉച്ചയ്ക്ക് എസ്.എഫ്.ഐ, എം.എസ്.എഫ് വിദ്യാർത്ഥികൾ അടിപിടി കൂടിയതായും അഞ്ച് കുട്ടികളെ കോളേജിൽ നിന്നും പിടിച്ചുകൊണ്ടുവന്നതായും

പറഞ്ഞപ്പോൾ പിടിച്ചുകൊണ്ടു വന്ന വിദ്യാർത്ഥികളെ കാണാൻ പോലീസ് അനുവദിച്ചില്ലെന്ന് ലീഗ് നേതാക്കൾ പറഞ്ഞു. പിടിച്ചുകൊണ്ടുവന്നവരുടെ പേരിൽ കേസ്സൊന്നുമില്ലെങ്കിൽ വിടാൻ വേണ്ടി ഞാൻ സി.ഐ യോട് പറഞ്ഞു. പ്രസ്തുത ദിവസം വിദ്യാർത്ഥികളെ സി.ഐ യോ എ.എസ്.ഐ സതീശനോ അടിച്ചതായി അവിടെയുണ്ടായിരുന്ന നേതാക്കന്മാർ ആരും എന്നോട് പറഞ്ഞിട്ടില്ല. കേസ്സൊന്നുമില്ലെങ്കിൽ കുട്ടികളെ വിടാൻ പറഞ്ഞ ഉടനെ ഞാൻ തിരികെ വരികയാണ് ചെയ്തത്.

**കാസറഗോഡ് ഗവ.കോളേജ് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയും എസ്.എഫ്.ഐ പ്രവർത്തകനുമായ വിഷ്ണു.പി എന്നയാളുടെ 17/03/2017 ലെ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് ഉച്ചയ്ക്ക് 12.45 മണിക്ക് ക്ലാസ്സ് കഴിഞ്ഞ് കാൻറീനിൽ നിന്നും ഭക്ഷണം കഴിച്ചുവരുമ്പോൾ എം.എസ്.എഫ് കാർ എസ്.എഫ്.ഐ ക്കാരുമായി വാക്കേറ്റം നടത്തുന്നത് കണ്ടപ്പോൾ എസ്.എഫ്.ഐ ക്കാരനായ ഞാൻ എസ്.എഫ്.ഐ ക്കാരുടെ കൂടെ കൂടിയിരുന്നു. തലേ ദിവസം കോളേജിൽ കുട്ടികൾക്ക് വിതരണം ചെയ്ത ഫൈൻ ആർട്സിൻെറ സർട്ടിഫിക്കറ്റ് കീറിയതുമായി ബന്ധപ്പെട്ടാണ് വാക്കേറ്റമുണ്ടായത്. പിന്നീട് ഉന്തും തള്ളും അടിപിടിയുമായി. എനിക്ക് അടിക്കൊള്ളുകയോ ഞാൻ ആരെയെങ്കിലും അടിക്കുകയോ ചെയ്തിട്ടില്ല. ഉച്ചയ്ക്ക് 02.30 മണിയോടെ പോലീസെത്തിയപ്പോൾ എല്ലാവരും ഓടി. എനിക്ക് അപ്പൻറിസിന് രണ്ടാഴ്ച മുമ്പ് ഓപ്പറേഷൻ നടന്നിരുന്നതിനാൽ എനിക്ക് പെട്ടെന്ന് ഓടാൻ കഴിഞ്ഞിരുന്നില്ല. പോലീസ് മറ്റുള്ളവരെ പിടിക്കുമ്പോൾ എന്നെയും കൂടി പിടിക്കുകയാണ് ചെയ്തത്. 4 എം.എസ്.എഫ് ക്കാരെയും എസ്.എഫ്.ഐ ക്കാരനായ എന്നെയും മാത്രമേ പിടിച്ചുള്ളു. പിടികൂടിയ എം.എസ്.എഫ് പ്രവർത്തകരെല്ലാം വാക്കേറ്റം നടത്തുമ്പോൾ അവിടെയുണ്ടായിരുന്നവരാണ്. പോലീസ് ബസ്സിലാണ് എന്നെ കോളേജിൽ നിന്നും പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയത്. കൂടെ 4 എം.എസ്.എഫ് പ്രവർത്തകരും ഉണ്ടായിരുന്നു. സ്റ്റേഷനിൽ വെച്ച് പോലീസ് ഒന്നും തന്നെ പറഞ്ഞിരുന്നില്ല. കുറച്ചുകഴിഞ്ഞപ്പോൾ എം.എസ്.എഫ് പ്രവർത്തകരെ ഇറക്കാൻ രണ്ട് പേർ വന്നു. അവരുടെ പേരറിയില്ല. അവർ പോലീസുമായി വാക്കേറ്റം നടത്തുകയും വാക്കേറ്റം നടത്തിയ ഒരാളെ പിടിച്ച് സെല്ലിൽ ഇടുന്നതും കണ്ടു പിന്നീട് കുറച്ചധികം പേർ അവിടെ വരികയും പോലീസുമായി വാക്കേറ്റം നടത്തുകയും ചെയ്തു. കോളേജിൽ നിന്നും പിടിച്ചുകൊണ്ടുവരെ എൻെറ കൂടെ തന്നെയാണ് നിർത്തിയത്. പോലീസ് ആരെയും മർദ്ദിച്ചിരുന്നില്ല. സെല്ലിൽ പിടിച്ചിട്ടയാളെയും മർദ്ദിച്ചിരുന്നില്ല.

ഏകദേശം 6 മണിയോടെ ഞങ്ങളെയെല്ലാവരെയും സ്റ്റേഷനിൽ നിന്ന് വിട്ടു. സെല്ലിൽ പിടിച്ചിട്ടയാളെയും വിട്ടു. എൻെറ കൂടെ തന്നെയാണ് എല്ലാവരും സ്റ്റേഷനിൽ നിന്നും പുറത്തേക്ക് വന്നത്.

**കാസറഗോഡ് ജനറൽ ആശുപത്രി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഡോ: ഷാൻഫിയാത്ത്.സി.വി 18/03/2017 ന് നൽകിയ സ്റ്റേറ്റ്മെൻറ്**

2017 ഫെബ്രുവരി 28 ന് വൈകുന്നേരം 05.50 ന് കാസറഗോഡ് ഗവ.കോളേജിൽ പ്രശ്നമുണ്ടാക്കിയതിന് അറസ്റ്റ് ചെയ്തുകൊണ്ടുപോയ അബൂബക്കർ സിദ്ധിഖ് ഉൾപ്പെടെയുള്ള 4 പേരെ ഞാൻ മെഡിക്കൽ എക്സാമിൻ ചെയ്തിരുന്നു. അന്നേ ദിവസം ഉച്ചയ്ക്ക് ഏകദേശം 02.30 മണിയോട്കൂടി പോലീസ് സ്റ്റേഷനിൽ വെച്ച് മർദ്ദിക്കുകയും ലാത്തികൊണ്ട് തലയ്ക്കിടിക്കുകയും കൈ ജനലിൻെറ ഇടയ്ക്ക് വെച്ചമർത്തി, ചുമരിൽ തല ഇടിച്ചു വലതേ കാൽമുട്ടിൽ ഷൂ കൊണ്ട് ശക്തിയായി ചവിട്ടി എന്നാണ് അബൂബക്കർ സിദ്ധിഖ് പറഞ്ഞത്. ട്രോളിയിൽ കിടത്തിയാണ് ടിയാനെ കൊണ്ടു വന്നത്. ടിയാൻ Conscious ആയിരുന്നു. Oriented ആയിരുന്നു. Alert ആയിരുന്നു ബോധമുണ്ടായിരുന്നു. ടിയാൻെറ തലയുടെ ഇടതേ വശത്ത് ഏകദേശം 1 cm • 3cm erythematous discoloration ഉണ്ടായിരുന്നുവെന്നും വലതുകാൽ പൊക്കാൻ പറ്റുന്നില്ലായിരുന്നുവെന്നും തൊടുമ്പോൾ നല്ല വേദനയുണ്ടായിരുന്നുവെന്നും മുട്ടിൻെറ ചുറ്റുമുള്ള തൊലി ചെറുതായി ചുവന്നിരുന്നുവെന്നും obvious swelling ഉണ്ടായിരുന്നില്ലെന്നും ചെറിയ aberration ചുണ്ടിലും dorsum of hand എന്നിവയിലുണ്ടായിരുന്നുവെന്നും കാലിൻെറ അടിയിൽ പ്രത്യേകിച്ച് swelling ഉള്ളതായി കണ്ടില്ലെന്നും ഡോക്ടർ മൊഴി നൽകിയിട്ടുണ്ട്. ടിയാൻെറ കൂടെയുണ്ടായിരുന്നവർ ഗവ.ഹോസ്പിറ്റലിൽ സൌകര്യം കുറവായതിനാൽ പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് കൊണ്ടു പോകണമെന്ന് പറഞ്ഞു. എക്സ്-റേ 6 മണി വരെ മാത്രമുള്ളതിനാൽ എക്സ്-റേ എടുക്കാൻ കഴിഞ്ഞില്ല. പ്രധാനമായും കാൽമുട്ടിൻെറ പ്രശ്നമാണ് പറഞ്ഞത്. ടിയാനെ പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് നിർദ്ദേശിച്ചു. കൂടെയുണ്ടായിരുന്നവർക്ക് സാരമായ പരിക്കുകളൊന്നും ഉണ്ടായിരുന്നില്ല. ചെറിയ രീതിയിലുള്ള മുറിവുകളും വേദനയുമാണ് ഉണ്ടായിരുന്നത്. പിന്നീട് എന്താണ് നടന്നത് എന്നറിയില്ല. മേൽകക്ഷികൾ വരുന്നതിന് ഉദ്ദേശം 15 മിനിട്ട് മുമ്പ് കാസറഗോഡ് പോലീസ് സ്റ്റേഷനിലെ പോലീസുകാർ പരിശോധനയ്ക്ക് വന്നിരുന്നു. അവർക്കും കാര്യമായ പരിക്കൊന്നുമുണ്ടായിരുന്നില്ല.

മേൽ വിഷയത്തിൽ മുൻ പ്രസ്താവിച്ച 33 പേർ നൽകിയ മൊഴി കൂടാതെ

കാസറഗോഡ് പോലീസ് സ്റ്റേഷനിലെ 28/02/2017 തീയതിയിൽ വൈകുന്നേരം 3 മണി മുതൽ 6 മണി വരെയുള്ള സിസിടിവി ദൃശ്യങ്ങളും അന്നേ ദിവസത്തെ ജനറൽ ഡയറിയും കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 143/17 ക്രൈം നമ്പർ 144/17 കേസുകളിലെ പ്രഥമ വിവര റിപ്പോർട്ട് എന്നിവയും പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്ന വാർത്തകളും ഈ വിഷയം സംബന്ധിച്ച് നവമാധ്യമങ്ങളിൽ പ്രചരിച്ച വീഡിയോകളും അന്വേഷണത്തിന്റെ ഭാഗമാക്കുകയുണ്ടായി. ഇതുകൂടാതെ ശ്രീ.അബൂബക്കർ സിദ്ധിഖിനെ 28/03/2017 തീയതി കാസറഗോഡ് കെയർവെൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് 01/03/2017 ന് ഡിസ്ചാർജ് ചെയ്തതിന്റെ ഡിസ്ചാർജ് സമ്മറിയും പരിശോധിക്കുകയുണ്ടായി.

ശ്രീ.അബൂബക്കർ സിദ്ധിഖിനെ സംബന്ധിച്ച് പോലീസ് ചൂണ്ടിക്കാട്ടിയ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിനായി ഡിസിആർബി ഡി.വൈ.എസ്.പി യിൽ നിന്നും റിപ്പോർട്ട് തേടുകയുണ്ടായി. ഡിസിആർബി ഡി.വൈ.എസ്.പി യുടെ റിപ്പോർട്ട് പ്രകാരം അബൂബക്കർ സിദ്ധിഖിനെതിരെ താഴെ പറയുന്ന 4 കേസുകളുണ്ട്.

1.കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ.10/16 u/s 143, 147, 148, 341, 323, 324, 326 r/w 149 IPC : 05/01/2016 തീയ്യതി 10.30 മണിക്ക് കാസറഗോഡ് കസബ ഗ്രാമത്തിൽ കാസറഗോഡ് ഗവ.കോളേജ് കോമ്പൌണ്ടിൽ വെച്ച് 1 മുതൽ 7 വരെ പ്രതികളും മറ്റ് 30 ഓളം പ്രതികളും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി വന്ന് ഒന്നാം പ്രതി അന്യായക്കാരനെ പിടിച്ച് നിർത്തിയും രണ്ടും മൂന്നും പ്രതികൾ കൈക്കൊണ്ടടിച്ചും നാലാം പ്രതി മുഖത്ത് കൈക്കൊണ്ട് പഞ്ച് ചെയ്തും 5, 6, 7 പ്രതികൾ ചവിട്ടിയും പരിക്കേൽപ്പിച്ചും രണ്ടാം സാക്ഷിയെ ഇരുമ്പുവടി കൊണ്ടടിച്ചും മൂന്നാം സാക്ഷിയെ മുഖത്തും കണ്ണിനും പഞ്ച് ചെയ്തും പരിക്കേൽപ്പിച്ചു എന്നും മറ്റും. ശ്രീ.അബൂബക്കർ സിദ്ധിഖ് ഈ കേസിലെ മൂന്നാം പ്രതിയാണ്.

2.കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ.833/16 u/s 143, 147, 148, 341, 323, 324 r/w 149 IPC : 05/10/2016 തീയ്യതി 21.00 മണിക്ക് കാസറഗോഡ് കസബ ഗ്രാമത്തിൽ കാസറഗോഡ് ഗവ.കോളേജ് ഉത്സവലക്ഷ്യത്തോടനുബന്ധിച്ചുള്ള ഫ്ലക്സ് വെക്കുന്നത് സംബന്ധിച്ചുള്ള വിരോധത്താൽ ന്യായവിരോധമായി സംഘം ചേർന്ന് തടഞ്ഞു നിർത്തി മാരകായുധമായ വടിക്കൊണ്ടും കൈക്കൊണ്ടും അടിച്ചു നിസ്സാര പരിക്കേൽപ്പിച്ചു എന്നും മറ്റും. ശ്രീ.അബൂബക്കർ സിദ്ധിഖ് ഈ കേസിലെ

മൂന്നാം പ്രതിയാണ്.

3.കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 627/16 u/s 143, 147, 341, 323, 354 r/w 149 IPC ഃ 18/08/2016 തീയ്യതി 13.00 മണിക്ക് കാസറഗോഡ് കസബ ഗ്രാമത്തിൽ കാസറഗോഡ് ഗവ.കോളേജിൽ വെച്ച് പ്രതികൾ രാഷ്ട്രീയ വിരോധം വെച്ച് ന്യായവിരോധമായി സംഘം ചേർന്ന് കുറ്റം ചെയ്യുണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി പരാതിക്കാരിയെ വലിച്ചിഴച്ചും മുഖത്തടിച്ചും നിലത്തിട്ട് ചവിട്ടിയും ദേഹോപദ്രവമേൽപ്പിക്കുകയും മാനഹാനി വരുത്തുകയും കൂടെയുണ്ടായിരുന്ന സവാദ്, ഇബ്രാഹിം എന്നിവരെ കൈക്കൊണ്ടടിച്ചും ചവിട്ടിയും പരിക്കേൽപ്പിച്ചു എന്നും മറ്റും. ശ്രീ.അബൂബക്കർ സിദ്ധിഖ് ഈ കേസിലെ രണ്ടാം പ്രതിയാണ്.

4.കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 893/16 u/s 143, 147, 148, 341,294 (b), 323, 324, 308 r/w 149 IPC ഃ 20/10/2016 തീയ്യതി 13.00 മണിക്ക് കാസറഗോഡ് കസബ ഗ്രാമത്തിൽ കാസറഗോഡ് ഗവ.കോളേജിൽ വെച്ച് പ്രതികൾ കുറ്റം ചെയ്യുണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി ന്യായവിരോധമായി സംഘം ചേർന്ന് തടഞ്ഞു നിർത്തി മാരകായുധമായ ഇരുമ്പുവടിക്കൊണ്ടും കൈക്കൊണ്ടും അടിച്ചു പരിക്കേൽപ്പിച്ചും പ്രതികൾ വീണ്ടും അന്യായക്കാരനെ അടിക്കാൻ ശ്രമിക്കവേ അന്യായക്കാരൻ ഒഴിഞ്ഞു മാറിയില്ലെങ്കിൽ അടി അന്യായക്കാരൻെറ മർമ്മ സ്ഥാനത്ത് കൊണ്ട് മരണം വരെ സംഭവിക്കാമായിരുന്നു എന്നും മറ്റും. ശ്രീ.അബൂബക്കർ സിദ്ധിഖ് ഈ കേസിലെ രണ്ടാം പ്രതിയാണ്.

മാത്രവുമല്ല ജില്ലാ കലക്ടർ നടത്തുന്ന അന്വേഷണത്തിൻെറ ഭാഗമായി കാസറഗോഡ് പ്രവർത്തിക്കുന്ന ജി.എച്ച്.എം കൂട്ടായ്മ ബഹു.ഡി.ജി.പി യ്ക്കു നൽകിയ കത്തിൻെറ പകർപ്പ് 08/03/2017 ന് സമർപ്പിക്കുകയുണ്ടായി. ടി കത്തിൽ കാസറഗോഡ് സി.ഐ അബ്ദുൾ റഹീമിനെ ഒരു ഭീകര സംഘടനയുടെ ആളാണെന്ന് മുദ്രകുത്തി മുസ്ലീം ലീഗ് ജില്ലാ ട്രഷറർ എ.അബ്ദുൾ റഹിമാൻ പ്രസംഗം നടത്തുകയുണ്ടായെന്നും പ്രസ്തുത പ്രസംഗം നവമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ച് പൊതുസമൂഹത്തിൽ അനിഷ്ടാവസ്ഥ ഉണ്ടാക്കുവാൻ കാരണമായി എന്നും കാസറഗോഡ് ഏറ്റവും ജനകീയനും പൊതുജനങ്ങളോട് വളരെ മാന്യമായി പെരുമാറുന്ന കണിശക്കാരനും മണൽ, മയക്കമരുന്ന്, പ്രകൃതിവിരുദ്ധ സെക്സ് മാഫിയക്ക് എതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സി.ഐ. അബ്ദുൾ റഹീമിനെ സ്ഥലം മാറ്റാൻ മാഫിയ സംഘങ്ങളുടെ ശ്രമം ഇതിനു മുമ്പ് ഉണ്ടായിട്ടുള്ളതും എ.അബ്ദുൾ റഹിമാനും

കൂട്ടുപിടിച്ച് അപവാദപ്രചരണം നടത്തി വീണ്ടും അപകീർത്തിപ്പെടുത്തുവാനുള്ള ശ്രമം നടക്കുകയാണ് എന്നും ഈ കത്തിൽ അഭിപ്രായപ്പെടുന്നു.

മുകളിൽ പറഞ്ഞ രേഖകളും മൊഴികളും വിശദമായി പരിശോധിച്ചതിൽ 27/02/2017 ന് കാസറഗോഡ് ഗവ.കോളേജിൽ കോളേജ് ഫൈൻ ആർട്സ് വിജയികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ സംഘർഷം നിയന്ത്രിക്കാൻ കഴിയാത്തതിനാൽ പോലീസിനെ വിളിച്ചെന്നും കോളേജിൽ സമാധാനാന്തരീക്ഷം പുനസ്ഥാപിക്കുന്നതിന് 28/02/2017 ന് ഉച്ചയ്ക്ക് 01.30 ന് യോഗം ചേരാൻ തുടങ്ങിയപ്പോൾ കോളേജ് ക്യാംപസിൽ വീണ്ടും സംഘർഷം ഉണ്ടാകുകയും ആയത് പരിഹരിക്കാൻ സാധിക്കാത്തതിനാൽ കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ് പോലീസിനെ വിളിക്കുകയും പോലീസ് വന്നപ്പോൾ വിദ്യാർത്ഥികൾ ഓടിപ്പോകുകയും ചെയ്തു. പലവഴി ചിതറിയോടിയ കുട്ടികളെ പോലീസ് പിൻതുടർന്ന് പിടികൂടുകയും പിടികൂടിയ നാല് എം.എസ്.എഫ് പ്രവർത്തകരെയും ഒരു എസ്.എഫ്.ഐ വിദ്യാർത്ഥിയെയും 3 മണിയോടുകൂടി കാസറഗോഡ് പോലീസ് സ്റ്റേഷനിലേക്ക് എത്തിക്കുകയുണ്ടായി.

കാസറഗോഡ് പോലീസ് സ്റ്റേഷനിൽ വെച്ച് പോലീസുകാർ പ്രത്യേകിച്ച് എസ്.ഐ അബ്ദുൾ റഹീം അബൂബക്കർ സിദ്ധിഖിൻെറ കാൽമുട്ടിന്മേൽ കാൽകൊണ്ട് ചവിട്ടിപിടിച്ച് രണ്ട് കാൽപാദങ്ങളിലും കൈയ്യിലുണ്ടായിരുന്ന ചൂരൽ കൊണ്ടടിക്കുകയും പിന്നീട് ലാത്തികൊണ്ട് കാൽമുട്ടിലും തലയ്ക്കും അടിക്കുകയും ചെയ്തു എന്നതാണ് എം.എസ്.എഫ് - ലീഗ് പ്രവർത്തകരുടെ പ്രധാന ആരോപണം. എന്നാൽ പോലീസ് സ്റ്റേഷനകത്ത് വെച്ച് ആരെയും മർദ്ദിച്ചിട്ടില്ല എന്നാണ് പോലീസ് ഉദ്യോഗസ്ഥർ മൊഴി നൽകിയിട്ടുള്ളത്. ഈ വിഷയം അറിഞ്ഞ് പോലീസ് സ്റ്റേഷനിൽ എത്തിയ എം.എസ്.എഫ് ഭാരവാഹികളായ ആബിദ് ആറങ്ങാടി, അനസ് എതിർത്തോട് എന്നിവരോട് പോലീസുകാർ മോശമായി പെരുമാറുകയും പൊതിരെ തല്ലുകയും വലിച്ചിഴച്ച് ലോക്കപ്പിലിടുകയും ചെയ്തു എന്ന് എം.എസ്.എഫ് - ലീഗ് പ്രവർത്തകർ ആരോപിക്കുന്നു. എന്നാൽ സ്റ്റേഷനിൽ എത്തിയ എം.എസ്.എഫ് പ്രവർത്തകർ പോലീസുകാരോട് ബഹളം വെയ്ക്കുകയും ബലം പ്രയോഗിച്ച് തള്ളി അകത്തേക്ക് വരുന്നതും കണ്ടപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ അവരെ തടയുകയും പുറത്ത് നിന്ന് കുറേയാളുകൾ സ്റ്റേഷനിലേക്ക് കയറിവരികയും ജിഡി ചാർജ്ജിന് പുറകിലായി പത്തോളം ആളുകളെ ഇരുത്തിയിട്ടുള്ളതിനാലും സ്റ്റേഷനിലേക്ക് ആദ്യം ഇടിച്ചുകയറിവന്ന രണ്ട് ചെറുപ്പക്കാരെ സ്ഥലപരിമിതി മൂലം ലോക്കപ്പിലേക്ക് മാറ്റി നിർത്തുകയാണുണ്ടായതെന്നും ആരെയും മർദ്ദിച്ചിട്ടില്ലെന്നുമാണ് പോലീസുകാർ നൽകിയ മൊഴി പിന്നീട് മുസ്ലീം ലീഗ്

ജില്ലാ നേതാക്കളായ എ.അബ്ദുൾ റഹിമാനും അഷ്റഫ് എടനീരും സ്റ്റേഷനിലേക്ക് എത്തുകയും സ്റ്റേഷനിൽ നിന്നും ടിയാന്മാരെ തള്ളിപുറത്താക്കിയെന്നും ഡി.വൈ.എസ്.പി യെ വിവരങ്ങൾ ധരിപ്പിച്ചെന്നും 10 മിനുട്ട് കഴിഞ്ഞപ്പോൾ സി.ഐ കയറി വന്ന് അദ്ദേഹത്തിന്റെ ഓഫീസിലേക്ക് പോകുകയും അരമണിക്കൂർ കഴിഞ്ഞ് ഡി.വൈ.എസ്.പി വരികയും പിന്നീട് കുട്ടികളെ വിട്ടയയ്ക്കുകയുമാണുണ്ടായതെന്ന് പറയുന്നു.

കാസറഗോഡ് ഗവ.കോളേജിൽ നിന്നും പിടിയിലായ 4 എം.എസ്.എഫ് വിദ്യാർത്ഥികളുടെ പേരിൽ സി.ഐ യുടെ ഡ്രൈവറുടെ പരാതിയിലും പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന്റെ പേരിൽ ആബീദ് ആറങ്ങാടി, അനസ് എതിർത്തോട് എന്നവരുടെ പേരിലും കേസെടുത്തു എന്നുള്ളതുമാണ് ലീഗ് പ്രവർത്തകരുടെ ആരോപണം. എന്നാൽ സ്റ്റേഷനിൽ എത്തിയ മുസ്ലീം ലീഗ് ജില്ലാ പ്രവർത്തകർ ബഹളം വെയ്ക്കുകയും വളരെ മോശമായ രീതിയിൽ സംസാരിക്കുകയായിരുന്നുവെന്നും അവരെ സ്റ്റേഷനിൽ നിന്നും പുറത്താക്കിയിരുന്നുവെന്നും പോലീസിനെ ആക്രമിച്ചതിന് കേസെടുക്കുമെന്ന് ഭയന്ന് അവരെ അടിച്ചു എന്ന് കളവ് പറഞ്ഞതാണെന്നും പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് സിപിഒ 2276 കിഷോർ കുമാറിന്റെ പരാതിയിൽ ആബീദ് ആറങ്ങാടി, അനസ് എതിർത്തോട് എന്നിവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും ഗവ.കോളേജിൽ നിന്നും ഓടിപ്പോയ കുട്ടികളെ പിടിക്കുന്നതിനിടയിൽ തന്നെ ബലമായി തടഞ്ഞുപിടിക്കുകയും തന്റെ വലത് കൈവിരൽ തിരിച്ചു പിടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്ത എം.എസ്.എഫ് വിദ്യാർത്ഥികൾക്കെതിരെ സി.ഐ യുടെ ഡ്രൈവറായ സിപിഒ 2582 തോമസ്.എം.വൈ യുടെ പരാതിയിൽ കേസ്സെടുത്തിട്ടുള്ളതുമാണ്.

ഈ അന്വേഷണത്തിൽ പ്രധാനമായി കണ്ടെത്തേണ്ട വസ്തുതകൾ താഴെ പറയുന്നവയാണ്.

**1.കാസറഗോഡ് ഗവ.കോളേജിൽ നിന്നും പോലീസ് 28/02/2017 ന് വിദ്യാർത്ഥികളെ പിടിച്ചുകൊണ്ടുപോയത് എന്തെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ ?**

**2.കാസറഗോഡ് ഗവ.കോളേജിലുണ്ടായ സംഘർഷത്തെ തുടർന്ന് പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന വിദ്യാർത്ഥികളെ എം.എസ്.എഫ് - ലീഗ് പ്രവർത്തകർ ആരോപിക്കുന്ന പ്രകാരമുള്ള മർദ്ദനങ്ങൾ 28/02/2017**

ന് വൈകുന്നേരം 3 മണിക്കും 6 മണിക്കും ഇടയിൽ കാസറഗോഡ് പോലീസ് സ്റ്റേഷനിൽ നടന്നിട്ടുണ്ടോ ?

**3.ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ എന്തൊക്കെയാണ് ?**

28/02/2017 ന് വൈകുന്നേരം 3 മണിയോടുകൂടി സ്റ്റേഷനിലേക്ക് കൊണ്ടുവന്ന 4 എം.എസ്.എഫ് പ്രവർത്തകരെ പോലീസ് അതിക്രൂരമായി മർദ്ദിച്ചു എന്നായാണ് എസ്.എഫ് - ലീഗ് പ്രവർത്തകരുടെ ആരോപണം.

ശ്രീ.അബൂബക്കർ സിദ്ധിഖ് നൽകിയ മൊഴി പ്രകാരം തന്നെ മാത്രം സ്റ്റേഷനിലെ റൈറ്ററുടെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും സിവിൽ ഡ്രസ്സിലുള്ള ഒരു പോലീസുകാരൻ തന്റെ മുഖത്ത് അടിച്ചെന്നും തല താഴ്ത്തിയപ്പോൾ താടിക്ക് കുത്തിപ്പൊക്കിയെന്നും തന്റെ വലതു കൈവിരലിന്റെ ഇടയ്ക്കും ഇടതു കൈവിരലിലിടയിലും പേന വെച്ച് ഇറുക്കിയെന്നും വലതു കൈ ജനലിന്റെ ഇടയ്ക്ക് വെച്ച് ഇറുക്കിയെന്നും നിലത്ത് വീണ് കിടന്നപ്പോൾ മുഖത്തടിച്ചെന്നും മൊഴി നൽകിയിരിക്കുന്നു. സി.ഐ വന്ന ശേഷം തന്നെ ഇരുത്തി തന്റെ കാലിന്മേൽ (കാൽമുട്ട്) കാൽകൊണ്ട് ചവിട്ടിപിടിച്ച് കാലിനടിയിൽ ചൂരൽ കൊണ്ട് തല്ലിയെന്നും കാൽമുട്ടിൽ ലാത്തിക്കൊണ്ട് അടിച്ചെന്നും പിന്നീട് തലയ്ക്ക് ലാത്തിക്കൊണ്ട് അടിച്ചെന്നും ശ്രീ.അബൂബക്കർ സിദ്ധിഖ് പറയുകയുണ്ടായി. തന്നെ ലാത്തിക്കൊണ്ട് അടിച്ച് തുള്ളാൻ പറഞ്ഞെന്നും എം.എസ്.എഫ് പ്രവർത്തകരായ മറ്റ് 3 പേരെയും മുതുകത്ത് കൈമുട്ടുക്കൊണ്ടടിച്ചെന്നും പോലീസ് സ്റ്റേഷനിലേക്ക് കയറുന്ന സമയത്ത് ഒരു പോലീസുകാരൻ 5 പേരുടെയും കരണത്തടിച്ചെന്നും ഇരിക്കുവാൻ സമ്മതിച്ചില്ലെന്നും, പോലീസുകാർ എല്ലാവരെയും തെറിവിളിച്ചുവെന്നും ആരോപിക്കുന്നു.

മറ്റ് എം.എസ്.എഫ് പ്രവർത്തകരുടെ മൊഴിയനുസരിച്ച് ഒരു പോലീസുകാരൻ അബൂബക്കർ സിദ്ധിഖിന്റെ മുഖത്തടിക്കുകയും അടുത്തുള്ള മുറിയിലേക്ക് കൊണ്ടുപോയി മർദ്ദിക്കുകയുമായിരുന്നു. പിന്നീട് സി.ഐ അബ്ദുൾ റഹീമിന്റെ നേതൃത്വത്തിൽ കാൽമുട്ടിൽ കയറി നിന്ന് കാലിലേക്ക് ക്രൂരമായി ലാത്തിക്കൊണ്ടടിച്ചെന്നും കാൽമുട്ടിൽ പോലീസുകാർ കാൽ കയറ്റുകയും ചവിട്ടുകയും ലാത്തി ഉപയോഗിച്ച് കാലിലും കാൽപാദങ്ങളിലും ക്രൂരമായി അടിക്കുകയുമുണ്ടായി എന്ന് മൊഴി നൽകിയിരിക്കുന്നു.

ഇവർ നൽകിയ മൊഴിക്ക് തികച്ചും വിരുദ്ധമായ രീതിയിലാണ്

കോളേജിലെ സഹപാഠിയായ വിഷ്ണു നൽകിയിരിക്കുന്ന മൊഴി തന്റെ സഹപാഠികളെയും തന്നെയും പോലീസ് മർദ്ദിച്ചിരുന്നില്ലെന്നും സെല്ലിലേക്ക് പിടിച്ചുകൊണ്ടുപോയ ആരെയും മർദ്ദിച്ചിട്ടില്ലെന്നും വൈകുന്നേരം 6 മണിയോടുകൂടി എല്ലാവരെയും സ്റ്റേഷനിൽ നിന്നും വിട്ടയച്ചു എന്നും ടിയാൻ മൊഴി നൽകിയിരിക്കുന്നു.

ഈ വിഷയത്തിൽ അന്നേ ദിവസം കാസറഗോഡ് ജി.എച്ച്.എസ്.എസ് ൽ നിന്നും മദ്യപിച്ച് പ്രശ്നമുണ്ടാക്കി എന്ന കുറ്റത്തിന് പോലീസ് പിടിച്ചുകൊണ്ടുവന്ന വിപിൻ, ശരത്, ജയസൂര്യ എന്നീ വിദ്യാർത്ഥികളുടെ മൊഴികൾ വളരെ നിർണ്ണായകമാണ്. ശ്രീ.വിപിന്റെ മൊഴിയനുസരിച്ച് കാസറഗോഡ് ഗവ.കോളേജിൽ നിന്നും കൊണ്ടു വന്ന കുട്ടികളിൽ ഒരാൾ കരയുന്നുണ്ടായിരുന്നുവെന്നും കാൽപാദങ്ങളിൽ ലാത്തികൊണ്ട് അടിക്കുന്നത് കണ്ടിരുന്നുവെന്നും പറയുന്നു. ശ്രീ.ശരത് നൽകിയ മൊഴിയനുസരിച്ച് പോലീസ് കോളേജിലെ കുട്ടികളുടെ കാലിൽ ലാത്തികൊണ്ടടിക്കുന്നുണ്ടായിരുന്നു. ശ്രീ.ജയസൂര്യ നൽകിയ മൊഴിയനുസരിച്ച് കോളേജ് വിദ്യാർത്ഥികളെ ലാത്തികൊണ്ട് കൽപ്പാദങ്ങളിൽ അടിക്കുന്നുണ്ടായിരുന്നു. പോലീസുകാർ നൽകിയ മൊഴിയിൽ കുട്ടികളെ ആരും ഉപദ്രവിച്ചിട്ടില്ല എന്നുള്ളതാണ്.

ടിയാന്മാരെ സ്കൂളിൽ നിന്നും മദ്യപിച്ച് ബഹളമുണ്ടാക്കിയതിന് സ്കൂൾ അധികൃതർ വിളിച്ചു പറഞ്ഞതനുസരിച്ച് പോലീസ് കൂട്ടിക്കൊണ്ടുവന്നിട്ടുള്ളതാണ് എന്നതിനാൽ സ്വാഭാവികമായി ടിയാന്മാർക്ക് പോലീസിനോട് എതിർപ്പ് ഉണ്ടാകുന്നതാണ്. മാത്രവുമല്ല ടിയാന്മാർ മദ്യം കഴിച്ചിരുന്നു എന്നതുകൂടി ചേർത്തു വായിക്കേണ്ടതാണ്. ശ്രീ.അബൂബക്കർ സിദ്ധിഖ് ഉൾപ്പെടെയുള്ള എം.എസ്.എഫ് പ്രവർത്തകർ നൽകിയ മൊഴി പൂർണ്ണമായും വിശ്വസിച്ച് ക്രൂരമായ രീതിയിലുള്ള പോലീസ് മർദ്ദനം നടന്നു എന്ന നിഗമനത്തിൽ എത്തിച്ചേരാൻ പ്രയാസമാണ്. കാരണം ശ്രീ.അബൂബക്കർ സിദ്ധിഖും മറ്റ് എം.എസ്.എഫ് പ്രവർത്തകരും നൽകിയ മൊഴിയിലെ വൈരുദ്ധ്യങ്ങൾ താഴെ പറയുന്നവയാണ്.

*(i) 2017 ഫെബ്രുവരി 28 തീയ്യതി നാലാമത്തെ അവറിൽ (പിരിയഡ്) ഷിബു സാറിന്റെ ക്ലാസ്സിലിരിക്കുന്ന സമയത്ത് 2 പോലീസുകാർ വന്ന് എന്നെ പിടിച്ചുകൊണ്ടുപോയി പോയി പുറത്ത് ജീപ്പിലിരുത്തിയെന്നും എന്നെ ജീപ്പിലിരുത്തിയപ്പോൾ ഫിസിക്കൽ എജ്യുക്കേഷൻ വകുപ്പ് മേധാവിയായ ശ്രീമതി. സിനി എബ്രഹാം ഞാൻ നിരപരാധിയാണെന്ന് പോലീസിനോട് പറയുകയുമുണ്ടായി എന്നും ശ്രീ.അബൂബക്കർ സിദ്ധിഖ് മൊഴി*

നൽകിയിട്ടുണ്ട്.

(2) പോലീസ് വാഹനത്തിൽ കയറ്റുന്നതിന് മുൻപ് കോളേജിലെ ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി സിനി മാഡം പോലീസുകാരോട് ഇവൻ പ്രശ്നത്തിനൊന്നുമില്ലെന്ന് പറഞ്ഞിട്ടുള്ളതായി ശ്രീമുനവർ സാഹിദ് മൊഴി നൽകിയിട്ടുണ്ട്.

(3) കോളേജിലെ അച്ചടക്ക കമ്മിറ്റി യോഗത്തിനിടെ പോലീസ് തന്നെ ഒരു കാരണവുമില്ലാതെ പിടിച്ചുകൊണ്ടുവന്നുവെന്ന് ശ്രീമുഹമ്മദ് അഷ്ഫാക്ക് മൊഴി നൽകിയിട്ടുണ്ട്.

എന്നാൽ കാസറഗോഡ് ഗവ.കോളേജ് മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ.ഷിബുകുമാർ.പി.എൽ 14/03/2017 നൽകിയ മൊഴിയിൽ 2017 ഫെബ്രുവരി 28 ന് തുടർച്ചയായി 4 ഉം 5 ഉം അവർ മലയാളം രണ്ടാം വർഷ ക്ലാസ്സ് താൻ കൈകാര്യം ചെയ്തിരുന്നുവെന്നും അന്നേ ദിവസം നാലാമത്തെ അവറിൽ ശ്രീ.അബൂബക്കർ സിദ്ധിഖ് എന്ന വിദ്യാർത്ഥി ക്ലാസ്സിൽ ഹാജരായിരുന്നില്ലെന്നും അബൂബക്കർ സിദ്ധിഖിനെ കാസറഗോഡ് പോലീസ് കസ്റ്റഡിയിലെടുത്തത് താൻ അറിഞ്ഞിരുന്നില്ലെന്നുമാണ് പറഞ്ഞിട്ടുള്ളത്.

കാസറഗോഡ് ഗവ.കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് മേധാവിയായ ശ്രീമതി സിനി എബ്രഹാം 14/03/2017 നൽകിയ സ്റ്റേറ്റ്മെന്റിൽ 2017 ഫെബ്രുവരി 28 ന് കോളേജിൽ സംഘർഷം നടക്കുന്ന സമയത്ത് ക്യാംപസിൽ പോലീസെത്തുകയും പോലീസിനെ കണ്ടയുടൻ കുട്ടികൾ ചിതറിയോടുകയും ചെയ്തതായും ക്യാംപസിനുള്ളിൽ പോലീസ് ജീപ്പ് കിടക്കുന്നത് കണ്ടെങ്കിലും ആരെയെങ്കിലും കസ്റ്റഡിയിലെടുത്തതായി ആ സമയത്ത് അറിഞ്ഞില്ലെന്നും കുറച്ച് കുട്ടികളെ കസ്റ്റഡിയിലെടുത്തതായും ആയതിൽ ശ്രീ.അബൂബക്കർ സിദ്ധിഖ് കൂടിയുൾപ്പെട്ടിട്ടുള്ളതായും അന്ന് രാത്രി ഉദ്ദേശം 7 മണിയോടുകൂടിയാണ് താൻ അറിയുന്നതെന്നുമാണ് പറഞ്ഞിട്ടുള്ളത്.

ആ സാഹചര്യത്തിൽ ശ്രീ. അബൂബക്കർ സിദ്ധിഖ് പോലീസ് തന്നെ ക്ലാസ്സിൽ നിന്നിറക്കി കൊണ്ടുവന്നുവെന്നും തന്റെ അധ്യാപകൻ പറഞ്ഞിട്ടുകൂടി ആയത് ചെവിക്കൊള്ളാതെ നിരപരാധിയായ തന്നെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടു പോയി എന്നതും സ്വന്തം ഭാഗം ന്യായീകരിക്കുന്നതിനും പോലീസ് മുൻവൈരാഗ്യം കൊണ്ട് തന്നോട്

പെരുമാറിയെന്ന് വരുത്തിതീർക്കുന്നതിനും വേണ്ടി തെറ്റായ മൊഴി നൽകിയതാണെന്ന് വ്യക്തമാകുന്നു. ശ്രീ.മുനവർ സാഹിദിൻെറയും മുഹമ്മദ് അഷ്ഫാക്കിൻെറയും മൊഴികളിലെ ഈ വൈരുദ്ധ്യം മനപൂർവ്വം തെറ്റായ മൊഴി നൽകിയതാണെന്ന് ബോധ്യമാകുന്നു. കോളേജിലെ അച്ചടക്ക കമ്മിറ്റിയുടെ കൺവീനറായ ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവിയുടെയും മലയാളം വിഭാഗം അധ്യാപകൻെറയും വാക്കുകൾ അവിശ്വസിക്കേണ്ട ആവശ്യമില്ല.

(4) നടക്കാൻ കഴിയാതിരുന്ന തന്നെ പൊക്കിയെടുത്ത് ആംബുലൻസിലാണ് കാസറഗോഡ് ഗവ.ജനറൽ ആശുപത്രിയിലേക്ക് കൊണ്ടു പോയതെന്നും ആ സമയം താൻ അബോധാവസ്ഥയിലായിരുന്നുവെന്നും ശ്രീ.അബൂബക്കർ സിദ്ധിഖ് മൊഴി നൽകിയിട്ടുണ്ട്.

എന്നാൽ കാസറഗോഡ് ജനറൽ ആശുപത്രി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഡോ : ഷാൻഫിയാത്ത്.സി.വി 18/03/2017 ന് നൽകിയ മൊഴിയിൽ ആശുപത്രിയിൽ കൊണ്ടു വന്ന സമയം ടിയാന് ബോധമുണ്ടായിരുന്നുവെന്നും ടിയാൻ Conscious ആയിരുന്നുവെന്നും Oriented ആയിരുന്നുവെന്നും Alert ആയിരുന്നുവെന്നും തലയുടെ ഇടതു ഭാഗത്ത് ചുവന്നിരിക്കുന്നുണ്ടായിരുന്നുവെന്നും വലതുകാൽ പൊക്കാൻ പറ്റുന്നുണ്ടായിരുന്നില്ലെന്നും മുട്ടിൻെറ ചുറ്റുമുള്ള തൊലി ചെറുതായി ചുവന്നിരുന്നുവെന്നും കാലിൻെറ അടിയിൽ വീക്കം ഉള്ളതായി കണ്ടില്ലെന്നുമാണ് പറഞ്ഞിട്ടുള്ളത്.

കോളേജിലെ അധ്യാപകരായ ഷിബുകുമാർ, സിനി എബ്രഹാം എന്നിവരുടെ മൊഴിയിൽ നിന്നു തന്നെ ശ്രീ.അബൂബക്കർ സിദ്ധിഖ് നൽകിയ മൊഴി പൂർണ്ണമായും ശരിയല്ല എന്ന് വ്യക്തമാകുന്നതാണ്. മാത്രവുമല്ല ടിയാൻെറ ക്രിമിനൽ പശ്ചാത്തലം, കോളേജ് ക്യാംപസിനുള്ളിൽ തന്നെ ഇടിവള ഉപയോഗിക്കുന്ന പടവും മറ്റും സമാധാനപ്രിയനായ ഒരു വിദ്യാർത്ഥിയുടെ ഭാവാദികൾ അല്ല. ടിയാനെ അതിക്രൂരമായി പോലീസ് മർദ്ദിച്ചിട്ടുണ്ട് എന്ന് പറയുമ്പോഴും ടിയാൻെറ തലയുടെ ഇടതേ വശത്ത് ഏകദേശം 1 cm • 3cm erythematous discoloration ഉണ്ടായിരുന്നുവെന്നും വലതുകാൽ പൊക്കാൻ പറ്റുന്നില്ലായിരുന്നുവെന്നും തൊടുമ്പോൾ നല്ല വേദനയുണ്ടായിരുന്നുവെന്നും മുട്ടിൻെറ ചുറ്റുമുള്ള തൊലി ചെറുതായി ചുവന്നിരുന്നുവെന്നും obvious swelling ഉണ്ടായിരുന്നില്ലെന്നും ചെറിയ aberration ചുണ്ടിലും dorsum of hand എന്നിവയിലുണ്ടായിരുന്നുവെന്നും കാലിൻെറ അടിയിൽ പ്രത്യേകിച്ച് swelling

ഉള്ളതായി കണ്ടില്ലെന്നും ടിയാനെ കാസറഗോഡ് ജനറൽ ആശുപത്രിയിൽ വെച്ച് പരിശോധിച്ച കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഡോ : ഷാൻഫിയാത്ത്. സി.വി മൊഴി നൽകിയിട്ടുണ്ട്.

കാസറഗോഡ് കെയർവെൽ ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സമ്മറി പ്രകാരം ടിയാന് Tender (R) knee joint, Contusion (L) heel, Contusion over neck എന്നീ പ്രശ്നങ്ങളാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വലത്തേ കാൽമുട്ടിൽ സ്പർശിക്കുമ്പോൾ വേദനയും ഇടത്തേ കാൽപാദത്തിൽ തട്ട്യാലോ മുട്ടിയാലോ ഉള്ള കളർവ്യത്യാസവും എക്സ്-റേ യിൽ അസ്ഥിക്ക് പ്രശ്നങ്ങളൊന്നുമില്ല എന്നുള്ളതും കഴുത്തിൻെറ ഭാഗത്തുള്ള കളർ വ്യത്യാസവും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രവുമല്ല നൽകിയിരിക്കുന്ന മരുന്നുകൾ വേദന സംഹാരിയും contusion heel ചെയ്യാനുള്ള മരുന്നുകളും മാത്രമാണ്. വലത്തേ കാൽമുട്ടിലുള്ള വർണ്ണ വ്യത്യാസം വീഴ്ച പോലുള്ള പ്രശ്നങ്ങൾ കൊണ്ടും ആകാവുന്നതാണ്.

ശ്രീ.അബൂബക്കർ സിദ്ദിഖിനെ പരിശോധിച്ച ഡോക്ടർമാർ ചെറുതായി ചുവന്നിരിക്കുന്നതിനെക്കുറിച്ചും സ്പർശിക്കുമ്പോഴുള്ള വേദനയും aberration ചുണ്ടിലും dorsum of hand ഉം ഉണ്ടായതായി പറയുന്നു. കാലിൻെറ അടിയിൽ പ്ര ത്യേകിച്ച് swelling ഉള്ളതായി കണ്ടില്ലെന്നും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. മാത്രവുമല്ല എക്സ്-റേ യിൽ വലിയ മർദ്ദനം നടന്നു എന്നുള്ളതിൻെറ ഒരു ലക്ഷണവും ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയത്തിൽ മുൻ പ്രസ്താവിച്ച 33 പേർ നൽകിയ മൊഴിയും കാസറഗോഡ് പോലീസ് സ്റ്റേഷനിലെ 28/02/2017 തീയതിയിൽ വൈകുന്നേരം 3 മണി മുതൽ 6 മണി വരെയുള്ള സിസിടിവി ദൃശ്യങ്ങളും അന്നേ ദിവസത്തെ ജനറൽ ഡയറിയും കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 143/17 ക്രൈം നമ്പർ 144/17 കേസുകളിലെ പ്രഥമ വിവര റിപ്പോർട്ടും പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്ന വാർത്തകളും ഈ വിഷയം സംബന്ധിച്ച് നവമാധ്യമങ്ങളിൽ പ്രചരിച്ച വീഡിയോകളും ശ്രീ.അബൂബക്കർ സിദ്ധിഖിനെ 28/03/2017 തീയതി കാസറഗോഡ് കെയർവെൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് 01/03/2017 ന് ഡിസ്ചാർജ് ചെയ്തതിൻെറ ഡിസ്ചാർജ് സമ്മറിയും വിശദമായി പരിശോധിച്ചതിൽ താഴെ പറയുന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.

*(I) 28/02/2017 തീയതി ഉച്ചയ്ക്ക് 01.30 ന് കാസറഗോഡ് ഗവ.കോളേജിൽ സമാധാനാന്തരീക്ഷം പുനസ്ഥാപിക്കുന്നതിന് യോഗം ചേരാൻ*

തുടങ്ങിയപ്പോൾ കോളേജ് ക്യാംപസിൽ സംഘർഷം ഉണ്ടാകുകയും ആയത് പരിഹരിക്കുവാൻ സാധിക്കാത്തതിനാൽ പോലീസിനെ വിളിച്ചു എന്നും കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ് മൊഴി നൽകിയിട്ടുള്ളതാണ്. മാത്രവുമല്ല ഇപ്രകാരമൊരു ആവശ്യം എഴുതി തയ്യാറാക്കിയ അപേക്ഷയുടെ രൂപത്തിലും പ്രിൻസിപ്പാൾ പോലീസിന് കൈമാറിയിട്ടുള്ളതാണ്. പ്രിൻസിപ്പാളിന്റെ മൊഴിയുടെയും എഴുതി നൽകിയ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ഔദ്യോഗികമായി പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടു തന്നെയാണ് പോലീസ് 28/02/2017 ന് കോളേജ് ക്യാംപസിൽ എത്തിയതെന്ന് വ്യക്തമാകുന്നു. പരാതിയില്ലാതെയാണ് പോലീസ് വന്നതെന്ന ആരോപണം നിലനിൽക്കുന്നതല്ല എന്നു കാണുന്നു

(2) 28/02/2017 ന് വൈകുന്നേരം 3 മണിക്കും 6 മണിക്കും ഇടയിൽ എം.എസ്.എഫ് വിദ്യാർത്ഥികളെ കാസറഗോഡ് പോലീസ് സ്റ്റേഷനിൽ ഭീകരമായ രീതിയിൽ മർദ്ദിച്ചു എന്നതാണ് എം.എസ്.എഫ് - ലീഗ് പ്രവർത്തകരുടെ മൊഴി. കാസറഗോഡ് പോലീസ് സ്റ്റേഷനിലെ പോലീസുകാർ നൽകിയ മൊഴിയിൽ കുട്ടികളെ ആരും ഉപദ്രവിച്ചിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. കോളേജ് വിദ്യാർത്ഥികളെ ഇരുത്തിയ ജിഡി ടേബിളിന് പുറകിലുള്ള വശവും റൈറ്ററുടെ മുറിയും സിസി ടിവി യുടെ ക്യാമറയുടെ പരിധിയിൽ വരാത്തതിനാൽ മൊഴികളുടെ അടിസ്ഥാനത്തിൽ മാത്രമേ അവിടെ സംഭവിച്ച വിഷയങ്ങളെക്കുറിച്ച് ഒരു നിഗമനത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ പരസ്പരവിരുദ്ധമായ മൊഴികളാണ് ഇരുപക്ഷവും നൽകിയിരിക്കുന്നത്. ആയതിനാൽ സ്വതന്ത്ര സാക്ഷികളായ ശ്രീ.വിഷ്ണു (എസ്.എഫ്.ഐ പ്രവർത്തകൻ), കാസറഗോഡ് ജി.എച്ച്.എസ്.എസ് ലെ വിദ്യാർത്ഥികളായ ശ്രീ.വിപിൻ, ശരത്, ജയസൂര്യ എന്നിവരുടെ മൊഴി നിർണ്ണായകമാകുന്നു. തന്നെയും സഹപാഠികളെയും പോലീസ് മർദ്ദിച്ചിട്ടില്ല എന്നതാണ് വിഷ്ണുവിന്റെ മൊഴി എന്നാൽ ശ്രീ.വിപിൻ, ശരത്, ജയസൂര്യ എന്നീ വിദ്യാർത്ഥികൾ പോലീസ് കോളേജിലെ കുട്ടികളുടെ കാലിൽ ലാത്തികൊണ്ടടിക്കുന്നുണ്ടായിരുന്നു എന്ന മൊഴിയാണ് നല്കിയിരിക്കുന്നത്. ഈ വിഷയത്തിൽ യാതൊരു വിധത്തിലും ബന്ധപ്പെടാത്ത ഈ കുട്ടികളുടെ മൊഴി തള്ളിക്കളയേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ആയതിനാൽ അന്നേ ദിവസം കാസറഗോഡ് പോലീസ് സ്റ്റേഷനിൽ വെച്ച് പോലീസ് വിദ്യാർത്ഥികളെ മർദ്ദിച്ചിട്ടുണ്ട് എന്നും തെളിയുന്നു.

(3) സ്വന്തം ഭാഗം ന്യായീകരിക്കുന്നതിനും പോലീസ് വളരെ ഭീകരമായ

രീതിയിൽ, തങ്ങളോട് പെരുമാറിയെന്ന് വരുത്തിതീർക്കുന്നതിനും വേണ്ടി എം.എസ്.എഫ് പ്രവർത്തകർ തെറ്റായ മൊഴി നൽകിയതാണെന്ന് അവരുടെ മൊഴിയിലെ വൈരുദ്ധ്യങ്ങൾ വെളിവാക്കുന്നുണ്ട്. വളരെ ഭീകരമായ രീതിയിൽ മർദ്ദനം നടന്നിട്ടുണ്ട് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും മെഡിക്കൽ റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് തെളിവുകൾ ലഭ്യമല്ലാത്തതാണ്. ആയതിനാൽ എം.എസ്.എഫ് പ്രവർത്തകർ അവകാശപ്പെടുന്നത്ര ഭീകര മർദ്ദനം നടന്നു എന്ന് അംഗീകരിക്കാനാവില്ല മാത്രവുമല്ല ടിയാന്മാരെ മർദ്ദിച്ചു എന്നവകാശപ്പെടുന്ന സ്ഥലം രണ്ട് വശവും ജനലുകളാൽ പുറത്തു നിന്നും ദൃശ്യമാകുന്ന രീതിയിലുള്ള സ്ഥലങ്ങളാണ്. ജി.ഡി മേശയ്ക്ക് പുറകിലുള്ള ബെഞ്ചിനോട് ചേർന്ന സ്ഥലമാണെങ്കിൽ പോലീസ് സ്റ്റേഷനിൽ വന്നു കയറുന്ന ആർക്കും കാണാവുന്ന രീതിയിലാണ്.

(4) മർദ്ദനത്തിനിടയ്ക്ക് തങ്ങൾ എല്ലാ ഉദ്യോഗസ്ഥരെയും കൃത്യമായി മനസ്സിലാക്കിയിട്ടുണ്ടെന്ന വണ്ണമാണ് 4 എം.എസ്.എഫ് പ്രവർത്തകരും മൊഴി നൽകിയിരിക്കുന്നത്. ഇത് കൃത്യമായി പോലീസുകാരുടെ പേരുകൾ പഠിച്ചിട്ട് വന്ന് നല്കിയ മൊഴിയാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും ടിയാന്മാരെ മർദ്ദിച്ചിരിക്കുന്നതിൽ യൂണിഫോമിലില്ലാത്തവർ കൂടിയുണ്ടായിരുന്നു എന്നഭിപ്രായപ്പെട്ടിരിക്കുന്നതിനാലും, പേരുകൾ സംബന്ധിച്ച് ടിയാന്മാർ നൽകിയിരിക്കുന്ന മൊഴി വിശ്വസനീയമായി തോന്നാത്തതിനാലും, മർദ്ദനം നടന്നിരിക്കുന്ന സ്ഥലത്ത് സി.സി.ടിവി ക്യാമറ ഇല്ലാത്തതിനാലും, സ്വതന്ത്ര സാക്ഷികൾ ആരെയും പേരെടുത്ത് പറയാത്തതിനാലും, കൃത്യമായി ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥരാണ് ഈ വിഷയത്തിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് അന്വേഷണത്തിൽ വ്യക്തമാകുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു വകുപ്പുതല അന്വേഷണം നടത്തി തുടർനടപടികൾ കൈക്കൊള്ളാവുന്നതാണ്.

ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കലക്ടർ
കാസറഗോഡ്

**സെക്ഷൻ ഓഫീസർ**